നമ്മുടെ കത്താവും



സിസ്റ്റർ

ാ കൊൺസലാത്തായും

LP
K84

LP
K84

നമ്മുടെ കത്തായും
സിസ്റ്റർ
ബനീഞ്ഞാ കൊൺസലാത്തായും

നമ്മുടെ ദിവ്യരക്ഷകൻ സിസ്റ്റർ ബനീഞ്ഞാ
കൊൺസലാത്തായിക്കു നൽകിയ
ആദ്ധ്യാത്മിക ഉപദേശങ്ങൾ.

By
MARY DAS

DHARMARAM COLLEGE LIBRARY
12450
BANGALORE.

THE LITTLE FLOWER PRESS, THEVARA.
1952.

(Copy-right Reserved)

IMPRIMATUR

✠ A. M. Patroni S. J.
Bishop of Calicut.

CALICUT,
23-2-1952.

THIS BOOK IS DEDICATED

TO



His Excellency

Rt. Rev. Dr. George Alapatt Ph.D., D. D.

as a token of my Love

on the occasion of

His Sacerdotal Silver Jubilee

17-XII-'51—17-XII-'52.

— *Marydas.*

പ്രസ്താവന

സിസ്റ്റർ ബനീജ്ഞാ കൊൺസലാത്താ ഇറ്റലിയിൽ 'കോമോ' എന്ന കന്യകാലയത്തിൽ 1908 മുതൽ 1916 വരെ ജീവിച്ചിരുന്ന ഒരു കന്യാസ്ത്രീയാണു്. നമ്മുടെ കർത്താവു് ഈ സഹോദരിയെ തന്റെ "സെക്രട്ടറി"യായി തിരിഞ്ഞെടുത്തു് പറഞ്ഞുകൊടുത്ത ഉപദേശങ്ങളുടെ ഒരു സംഗ്രഹമാണു് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം.

പ്രസ്തുത ഉപദേശങ്ങൾ വായിച്ചതുമൂലം അനേകം വൈദികരും സന്ന്യാസിനീസന്ന്യാസിമാരും കൂട്ടത്തലായി വിശുദ്ധീകരിക്കപ്പെട്ടുകയും വളരെ അധികം പാപികൾ മാനസാന്തരപ്പെട്ടുകയും, കുദാശകൾ സ്വീകരിക്കാതെ ജീവിതം നയിച്ചിരുന്നവർ ആയതു് സ്വീകരിക്കുകയും അനേകായിരം വിശ്വാസികൾ ഉന്നതമായ സുകൃതാഭ്യാസത്തിലേക്കു് പ്രോത്സാഹിപ്പിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ടെന്നു് "എം. എസ്സു്. പയിൻ" സാക്ഷിക്കുന്നു.

എട്ടാം ഉർബ്ബാനോസു് മാപ്പ്വാപ്പായുടെ നിർണ്ണയമനുസരിച്ചു് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കത്തിനു് കേവലം മാനുഷികമായ ഒരു വിശ്വാസം മാത്രമേ നല്കുന്നുള്ളൂ.

എന്നു്,

മേരി ദാസ്സു്.

DHARMARAM COLLEGE LIBRARY
12450
BANGALORE

ഒന്നാം ഉപദേശം

"സന്ന്യസ്താത്മാക്കളും കൂടാശ്രചെയ്യപ്പെട്ട ഓസ്തിയും"

24th March 1915

ഓ! സന്ന്യസ്താത്മാവെ! അരുപിയാലെ ഈ പരിശുദ്ധ ഓസ്തിയെ നീ ഒന്നു നോക്കുക. നീ എന്താണ് അതിൽ കാണുന്നതു്. നീ അതിനൊ കാണുന്നതു് നിർമ്മലവും വെളുത്തതുമായിട്ടല്ലെ? നിർമ്മലത അഥവാ പരിശുദ്ധി—ഇതാകുന്നു അതിന്റെ ഒന്നാമത്തെ ഗുണം.

അതായതു് ഒരു പ്രവൃത്തിയിൽ മൂന്നുതരം പരിശുദ്ധിയുണ്ടു്. a. അതു് നിയോഗത്തിൽ പരിശുദ്ധമായിരിക്കണം. ഇതില്ലെങ്കിൽ കാഴ്ചയ്ക്കു് പുറമേ നന്നായി കാണുന്ന ആ പ്രവൃത്തി - പുഴുക്കം ഉള്ളിൽ ഉള്ളതും - അതേസമയം കാഴ്ചയ്ക്കു് ഭംഗിയുള്ളതുമായ പഴങ്ങടംക്കു സമമായിരിക്കും. പുഴുക്കുത്തുള്ള പഴങ്ങടം ഞാൻ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മേശയിൽ വക്കുകയില്ല.

b. പ്രവൃത്തിക്കുന്നസമയത്തും അതു പരിശുദ്ധമായിരിക്കണം. അതായതു് പ്രവൃത്തി ആകുംവിധം പൂർണ്ണമായാൽമാത്രം പോരാ, പ്രവൃത്തി അതു് സ്ഥാനത്തിൽനിന്നു് പുറപ്പെടുന്നതുകൂടെ ആയിരിക്കണം.

c. ഒന്നു പ്രവൃത്തിച്ചതിനുശേഷം സ്വാർത്ഥപരമായ ചിന്തകളാൽ അതിന്റെ യോഗ്യതകടം നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധയുണ്ടായിരിക്കണം.

വൃത്താകൃതി തിരുവോസ്തിയുടെ രണ്ടാമത്തെ ല
ക്ഷണമാണ്. തൻമൂലം അതിനെ സ്പർശിക്കുന്നവ
രെ വേദനിപ്പിക്കുന്നതിനു് കൂത്ത മുനകൾ ഇല്ല.
ഇതേവിധം നീയും നിന്റെ സഹവാസികളോട് ക
രുണയോടും സൗമ്യതയോടുംകൂടെ വർത്തിക്കണം.
യാതൊരുവിധത്തിലും മറുള്ളവരെ നീ വിഷമിപ്പി
ക്കരുതു്. എന്നാൽ സാധാരണ കൂട്ടജീവിതത്തിൽ
സംഭവിക്കുന്നതുപോലെ നിനക്കെന്തെങ്കിലും സഹാ
യും മറുള്ളവർക്കു് ചെയ്തുകൊടുക്കുവാൻ നിവർത്തി
യില്ലാതെ വരുമ്പോൾ സഹവാസികൾക്കു് ആ സം
ഗതി ചെയ്തുകൊടുത്താൽ എന്നവിധം പ്രീതിജനക
മാകത്തക്ക മാധുര്യത്തോടുകൂടിയതായിരിക്കണം നി
ന്റെ പ്രവർത്തനരീതി.

തിരുവോസ്തി ചെറുതാണ്. ഇതത്രെ ഇതി
ന്റെ മൂന്നാമത്തെ ഗുണം. ചെറുതുകൊണ്ടു് ഞാൻ
എന്തോ സംതൃപ്തനാണെന്നു് നീ ഗ്രഹിക്കുന്നു
ണ്ടോ! അപ്പത്തിന്റെ സാദൃശങ്ങളുടെ കീഴെ ഞാൻ
പൂർണ്ണമായി മറഞ്ഞിരിക്കുന്നു. ഇതേവിധം നീയും
സ്വാർത്ഥത്തെപ്പറ്റി ചിന്തിക്കാതെ ചെറുതുകൊണ്ടു
തൃപ്തിപ്പെടുവാൻ പഠിക്കണം. തിരുവോസ്തി സാധാ
രണ അപ്പക്ഷണത്തേക്കാൾ വളരെ ചെറുതാണെ
ങ്കിലും എന്റെ പരിപൂർണ്ണമായ സാന്നിദ്ധ്യം അതിൽ
ഉണ്ടു്. എന്നാൽ വെറും ഒരപ്പക്ഷണത്തിൽ ഞാൻ
സ്ഥിതിചെയ്യുന്നില്ല. ഇതിന്റെ കാരണം ഓസ്തി
കൂദാശചെയ്യപ്പെട്ടതും അപ്പക്ഷണം കൂദാശചെ
യ്യപ്പെടാത്തതും എന്നതാണു്. ഏവംവിധം നിരവ
ധി നിസ്സാര പ്രവൃത്തികളോടുകൂടിയ നിന്റെ ജീ
വിതം സ്നേഹത്തിനുവേണ്ടിയാണെങ്കിൽ ഞാൻ അ

വയിൽ പ്രത്യക്ഷപ്പെട്ടും. പരസ്നേഹപ്രവൃത്തികളും എത്രയധികമായി നീ അനുഷ്ഠിക്കുമോ അത്രയധികം ഞാൻ നിന്നോടു് സംയോജിക്കുന്നു. സ്നേഹത്താൽ നിർവ്വഹിക്കപ്പെടാത്ത പ്രവൃത്തികളും എത്രത്തന്നെ വലിയതും പ്രശംസനീയവുമായാലും അതു് കേവലം മാനുഷികമായ ഒരനൗചിത്യത്തോടുകൂടെ നിർവ്വഹിക്കുന്നതായാൽ ഞാൻ അതിൽ പ്രസന്നനായിരിക്കുകയില്ല.

ലഘൂത്പതം തിരുവോസ്തിയുടെ നാലാമത്തെ ലക്ഷണമാണു്. അതു് ചെറുതാണെങ്കിലും അതിൽ എന്റെ സാന്നിദ്ധ്യം പരിപൂർണ്ണമായി ഉണ്ടു്. സ്നേഹത്തിനു പ്രതിഷ്ഠിച്ച ഒരാത്മാവും തിരുവോസ്തിയെപ്പോലെ ഘനം കുറഞ്ഞതായിത്തീരുന്നു. എന്തെന്നാൽ സ്നേഹം ഈ ആത്മാവിൽ സ്വന്തമനസ്സും വിധിയും ആഗ്രഹങ്ങളും ഇല്ലാതാക്കുന്നു. ഇപ്രകാരമുള്ള ഒരാത്മാവതെ എന്റെ പരമാനന്ദത്തിനു് വിഷയമായിത്തീരുന്നതു്. ഇങ്ങനെ ഉള്ളവരെക്കൊണ്ടു് ഞാൻ ലോകരക്ഷാർത്ഥം ഒരു സൈന്യത്തെ രൂപവൽക്കരിക്കുന്നു. ലോകം നാശത്തിലേയ്ക്കു് പായുന്നു. ഞാനോ എന്നാൽ എന്റെ ആഗ്രഹാനുസരണം യുദ്ധംചെയ്യുന്ന ഈ ആത്മാക്കളെക്കൊണ്ടു് അതിന്റെ വഴിപിഴച്ച ഓട്ടത്തെ തടഞ്ഞുനിർത്തും.

അവസാനമായി കാഴ്ചയ്ക്കു് അപ്പത്തിന്റെ സാദൃശ്യങ്ങളല്ലാതെ വേറൊന്നും ഓസ്തിയിൽ കാണുന്നില്ലെങ്കിലും അതു് അപ്പമല്ല പ്രത്യുത ഈശോമാത്രമാകുന്നു. ഇപ്രകാരം സ്നേഹം ഒരാത്മാവിനെ കരസ്ഥമാക്കുന്നതിനു് അനുവദിച്ചുകഴിയുമ്പോൾ അ

തു് പിന്നിട്ടു് സ്വാർത്ഥത്തിനുവേണ്ടി ജീവിക്കാതെ സ്നേഹത്തിനുവേണ്ടിമാത്രം ജീവിക്കുന്നു. ഓ! സന്യസ്താത്മാവേ സകലത്തിലും സ്നേഹത്താൽ നീ ആനയിക്കപ്പെടട്ടെ. അജ്ഞാനസരണമെന്ന കുക്കുവഴിയിൽക്കൂടെ സ്നേഹം നിന്നെ സദാ സഹനത്തിലേയ്ക്കു് ആനയിച്ചുകൊണ്ടിരിക്കും. നീ കീഴ്വഴങ്ങുന്നുവെങ്കിൽ നീസ്നേഹിക്കുന്നു. നീ സ്നേഹിക്കുന്നുവെങ്കിൽ നീ കീഴ്വഴങ്ങുകയും ചെയ്യുന്നു. വിരുന്നിനു ക്ഷണിക്കപ്പെട്ടവൻ കല്യാണവസ്ത്രംകൂടാതെ അതിൽ സംബന്ധിക്കുന്നതായാൽ ബഹിഷ്കൃതനാകുന്നതുപോലെയാണു് സാക്ഷാത്തായ കീഴ്വഴക്കമില്ലാതെ എന്നെത്തൃപ്തിപ്പെടുത്താമെന്നു് കരുതുന്ന സന്യസ്താത്മാക്കൾ. ഞാനോ എന്നാൽ അടിമകളുടെ കീഴ്വഴക്കം ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഇതു് എന്നെ ബഹുമാനിക്കുന്നില്ല. എന്നെ കൂടുതൽ കൂടുതൽ പ്രസാദിപ്പിക്കണമെന്ന കരുതി അവസരം പാത്തിരിക്കുന്ന യഥാർത്ഥമായ സ്നേഹത്തിന്റെ കീഴ്വഴക്കത്തെയാണു് ഞാൻ ആഗ്രഹിക്കുന്നതു്.

N. B. അധികൃതരോടുള്ള ഹൃദയത്തിന്റെ ഐക്യമത്രെ ഒരു സന്യസ്താത്മാവിനു് സ്വർഗ്ഗത്തിലേയ്ക്കുള്ള പാസ്പോർട്ടു്.

"ദൈവത്തിനു് സ്തുതിയായിരിക്കട്ടെ."

❖❖❖❖❖❖❖❖❖

രണ്ടാം ഉപദേശം

'പരസ്നേഹത്തിന്റെ ദശവിധികൾ'

28th Sept: '15

ഈശോ പറയുന്നു:

1. ഓ! സന്യസ്താത്മാവേ, യഥാർത്ഥമായി മുഴു ഹൃദയത്തോടെ നീ എന്നെ സ്നേഹിക്കുന്നതിനാഗ്രഹിക്കുന്നുവെങ്കിൽ സകല സൃഷ്ടികളിലും നീ എന്നെ ദർശിച്ചു് അവയെ നീ സ്നേഹിക്കാൻ തുടങ്ങണം. കൂടാതേയും നീ നിന്റെ സഹവാസികളെ നിന്നെക്കാൾ കൂടുതലായി സ്നേഹിക്കണമെന്ന ന്യായത്താൽ നീ അവർക്കു് മുൻസ്ഥാനം സദാ നൽകിക്കൊണ്ടുവേണം എന്റെ നേരെയുള്ള നിന്റെ സ്നേഹം വെളിപ്പെടുത്തേണ്ടതു്.

2. സ്നേഹത്താൽ പ്രേരിതയായി നിന്റെ സഹോദരികളെ ഓരോ കൂദാശചെയ്യപ്പെട്ട ഓസ്തികളായി കരുതി അവരുടെകൂടെ നീ വസിക്കണം. ഈവിധം വർത്തിച്ചാലും നീ അവരിൽ ചിലപ്പോൾ ബാഹ്യമായ വല്ല കുറവുകളും കണ്ടുവെന്നു വരാം. ആ അവസരങ്ങളിലും നീ അവരിൽ എന്നെമാത്രം ദർശിക്കുക. ഈ മനസ്ഥിതി, കൂട്ടജീവിതത്തിൽ യാതൊരു പ്രത്യേക ഗണനയ്ക്കും നിന്നെ അധീനപ്പെടുത്താതെ, എല്ലാവരിലും അദൃശ്യനായിരിക്കുന്നതു് ഈശോമാത്രമെന്നു് നിന്നെ ഗ്രഹിപ്പിക്കും.

3. 'നീ എന്നെ സ്നേഹിക്കുന്നതുപോലെ എല്ലാവരേയും നീയും ഒരുപോലെ സ്നേഹിക്കുക' നീ

എന്നോട്ടുകൂടെ സഹതപിക്കുകയും, എന്നെ സഹായിക്കുകയും ചെയ്യുക. എന്നാലും നിനക്കു് വല്ല പ്പോഴും അവരിൽനിന്നും വല്ലതുമൊക്കെ സഹിക്കേണ്ടിവരും. ആ സമയത്തു് ഒരുവൻ വിലപിടിച്ച സാധനങ്ങൾ നഷ്ടപ്പെട്ടേയ്ക്കുമോ എന്നു ഭയന്നു് ആരും കാണാതെ ഒളിച്ചുവയ്ക്കുന്നതുപോലെ നീയും നിന്റെ ഹൃദയത്തിൽ അതിനെ മറച്ചുവയ്ക്കണമെ!

4. നീ ആരേയും വിഷമിപ്പിക്കരുതു്. ഇതു് വളരെ വിഷമമുള്ള സംഗതിയാണു്. എന്തെന്നാൽ തന്മൂലം നീ നിന്നെത്തന്നെ സദാ ഒരു ബലിയായി അറ്റുപ്പിക്കേണ്ടതായിവരും. എന്നാൽ ബലി സ്നേഹമാണെന്നും സ്നേഹം ബലിയാണെന്നും ഉള്ള സംഗതി നീ ഒരിക്കലും മറന്നുകളയരുതു്.

5. നല്ലഭ്യാസംവഴി നിന്റെ സഹോദരിമാരെ നീ കഴിവുപോലെ സഹായിക്കണം. കൂട്ടജീവിതത്തിലുള്ള നിന്റെ നടപടി എന്റെ നന്മയുടേയും കരുണയുടേയും ഉപവിയുടേയും ഒരു പ്രതിച്ഛായ എന്നപോലെയായിരിക്കണം. അതുകയാൽ നിന്റെ സഹോദരിമാരുടെ ആഗ്രഹങ്ങൾക്കു് നിന്റേതിനെക്കാൾ മുൻഗണന നൽകുന്നതിനു് നീ സദാ ശ്രദ്ധപതിക്കണം.

6. കൂട്ടത്തിലുള്ളവരെല്ലാം എന്റെ സംരക്ഷണയ്ക്കായി നീ ഏല്പിച്ചുകൊണ്ടു് നീ അവരെ കൂടുതലായി സഹായിക്കണം. എന്റെ ഹൃദയത്തിൽ നിനക്കു് സകല സ്വാധീനവും ഉണ്ടല്ലോ. നീ അതിനെ വേണ്ടവിധം ഉപയോഗിക്കുക. എല്ലാവരിലും ഉപരിയായി നിന്നിൽ വിളയാടേണ്ടതു് കരുണയാണു്. മറ്റുള്ളവരെ നീ ഒരിക്കലും വിധിക്കരുതു്.

പ്രത്യുത നീ അവരെ ആദരിക്കണം. എന്തെന്നാൽ നീ അവരോടു് ക്ഷമിച്ചാൽ മാത്രമെ ഞാനും നിന്നോടു് എന്റെ പിതാവിന്റെ മൻപാകെ ക്ഷമിക്കയുള്ളൂ.

7. ഉപവിയ്ക്കു് തിരായി ഉളവാകുന്ന ചിന്തകളെ നീ വകവയ്ക്കേണ്ടതില്ല. എന്തെന്നാൽ കളകം വിത്തിനിടയിൽ മുളച്ചു് ഒളിച്ചുനില്ക്കുന്നതു് സാധാരണയാണു്. അതുകയാൽ അവ ദൃഷ്ടിയിൽപ്പെട്ടുമ്പോൾ ഉടൻ പിഴുതുകളഞ്ഞു് തൽസ്ഥാനത്തു ഒരു നല്ല വിത്തു നടുകയെന്നതാണു് നിന്റെ കർത്തവ്യം.

8. നിന്റെ കണ്ണിലെ കൃഷ്ണമണികംപോലെ നീ നിന്റെ സഹോദരികളെ കരുതണം. എന്തെന്നാൽ എന്റെ ദൈവികനയനങ്ങളുടെ ഉണ്ണിയല്ലേ നീ.

9. സ്നേഹത്തിന്റെ ചൂടുവീട്ടിൽ (കാറ്റും മഴയും മഞ്ഞും ഏറും ചെടികൾക്കു ഉലച്ചിൽ തട്ടാതിരിക്കാൻവേണ്ടി കണ്ണാടിച്ചില്ലുകൊണ്ടുള്ള കൂടുകൾക്കു ഉള്ളിൽ അവയെ വയ്ക്കുന്നു. ഈ കൂടുകൾക്കുള്ളപേരാണു് ചൂടുവീടു് hot house) എന്നപോലെ നിന്റെ ഹൃദയത്തിൽ നിന്റെ സഹോദരിമാരെ നീ സുരക്ഷിതമാക്കുക. ഇതാണെന്റെ അഭിലാഷം. 'ചൂടുഭവനത്തി'ൽ പുഷ്പങ്ങൾക്കു് സൂര്യപ്രകാശം ലഭിക്കുന്നുണ്ടെന്നു് മാത്രമല്ല പ്രത്യുത പ്രകൃതിയുടെ ശല്യങ്ങൾ അവയെ നിലംപതിപ്പിക്കുന്നുമില്ല. നിന്റെ സഹവാസികളോടും ഇതേവിധം നീ വർത്തിച്ചുകാണാൻ ഞാനും ആഗ്രഹിക്കുന്നു. അതായതു് അവരെ ആശ്വസിപ്പിക്കുന്നതിനു് ഉതകുന്ന സകല

തിലും നീയും ശ്രദ്ധപതിക്കണം. എന്നാൽ യാതൊ രു സംഗതിയിലും നീ അവരെ അലട്ടരുതു"! 'ചൂട്ട വീട്ടി'ലെ കുണ്ടാടിച്ചില്ലകം കാറും മഴയും മഞ്ഞും എല്ലാം സഹയം സഹീകരിക്കുന്നതുകൊണ്ടു് അവ യൊന്നും അകത്തേയ്ക്കു പ്രവേശിച്ചു" പുഷ്പത്തെ നി ലംപതിക്കുവാൻ അനുവദിക്കാത്തതുപോലെ നീ നിന്റെ കൂടെ വസിക്കുന്നവരെ നിന്റെ ഹൃദയ ത്തിൽ നിക്ഷേപിക്കണം. ഞാൻ നിന്നെ സ്നേഹി ച്ചതുപോലെ നീ അവരേയും സ്നേഹിക്കണമെന്നുള്ള തു് ഒരു സുവിശേഷ പ്രബോധനമാണെന്നു് നീ ഓ ത്തുകൊള്ളുക. ആകയാൽ നിന്നെക്കാൾ കൂടുതലാ യി നീ അവരെ സ്നേഹിക്കണം. പരസ്നേഹപൂർണ്ണ മായ ഒരു ഹൃദയത്തിൽ ഞാൻ ആശ്വസിച്ചാനന്ദി ക്കുന്നുവെന്നു് നീ അറിഞ്ഞിരുന്നുവെങ്കിൽ! ഞാൻ എന്റെ ആനന്ദത്തെ അവളിൽ കണ്ടെത്തുകയും, സമാധാനത്തിലും സന്തോഷങ്ങളിലും സ്വർഗ്ഗീയ ആ ശ്വാസങ്ങളിലും ആറാടിക്കൊണ്ടു് എന്നോടുകൂടെ ആനന്ദിക്കുന്നതിനു് ഈ ആത്മാവിനു് ഞാൻ അവ സരം നൽകുന്നു.

10. മേലിൽ എന്നോടുള്ള നിന്റെ ആദ്ധ്യാ ത്മിക സംസ്പർശത്തിൽ നിനക്കായി നീ ആഗ്രഹി ക്കുന്ന സകല ആത്മിക ഗുണങ്ങളും നിന്റെകൂടെ വസിക്കുന്നവർക്കുവേണ്ടിക്രൂടെ നീ ആഗ്രഹിക്കുകയും അവരിൽ ഉള്ള നന്മയെ നിന്നിൽ ഉള്ളതുപോലെ നീ വിലമതിക്കുകയും വേണം.

മൂന്നാം ഉപദേശം

സ്നേഹത്തിന്റെ ദശവിധികർമ്മം

25th Aug. 1915

1 നീ സ്നേഹത്തിനു് നിന്നെ ഭരമേല്പിക്കുക. പൂർണ്ണമായും, വ്യതിചലിക്കാതേയും ഇതരകാര്യങ്ങളിൽ ലയിക്കാതേയും സ്നേഹത്തിനു് സ്വയം വിധേയയായി പ്രവർത്തിക്കുന്ന ഒരാത്മാവിനു് സ്നേഹം തന്നെത്തന്നെ നൽകുന്നു.

2 നീ നിന്നെ സ്നേഹത്തിനു കയ്യാളിക്കുക. പരിപൂർണ്ണമായി സ്നേഹത്തിനു് കയ്യാളിക്കുന്ന ഒരാത്മാവിനെ സ്നേഹം വാത്സല്യപൂർവ്വം സംരക്ഷിക്കും.

3 നീ സ്നേഹത്തെ അനുഗമിക്കുക. പൂർണ്ണമായി സ്നേഹത്തിനു് ഭരമേല്പിക്കുന്ന ഒരാത്മാവിനെ സ്നേഹം നയിക്കുകയും കരങ്ങളിൽ താങ്ങുകയും ആവശ്യപ്പെട്ടാൽ സംവഹിക്കുകയും ചെയ്യും.

4 നീ ഒരിക്കലും സ്നേഹത്തിൽനിന്നകലരുതു്. സ്നേഹത്തിന്റെ പരിപാലനക്കു ഒരിക്കൽ പരിപൂർണ്ണമായി ഏല്പിക്കപ്പെട്ടുന്ന ആത്മാവിനെ സ്നേഹം സുരക്ഷിതമായി കാത്തുപരിപാലിക്കുകയും പ്രസ്തുത ആത്മാവിന്റെ സ്വതന്ത്ര മനസ്സിനല്ലാതെ വേറൊന്നിനും സ്നേഹത്തിൽനിന്നും ഈ ആത്മാവിനെ വേർതിരിച്ചു നിർത്തുക സാദ്ധ്യമല്ല.

5 സ്നേഹത്തിൽ നീ വിശ്വസിക്കുക. സ്നേഹത്തിന്റെ സകല പ്രവൃത്തികളിലും വിശിഷ്യാ നിനക്കു് ഏറ്റവും മനോവേദന ഉളവാക്കുന്ന സംഗതി

കളിലും മനോവിശ്വാസത്തോടുകൂടെ പ്രവർത്തിക്കുമ്പോൾ സ്നേഹം നിന്നിൽ ആനന്ദിക്കുന്നു.

6 സ്നേഹത്തോട് നീ അനുകൂലിക്കുക. സ്നേഹം ആദരിക്കപ്പെടുന്നതിനും അനുകൂലിക്കപ്പെടുന്നതിനും ആഗ്രഹിക്കുന്നു. ഈവിധം സ്നേഹത്തെ സഹായിക്കുന്ന ഒരാത്മാവിൽ സ്നേഹം വിസ്മയനീയമായ ആദ്ധ്യാത്മിക അഭിവൃദ്ധി ഉളവാക്കുന്നു.

7 സ്നേഹത്തെ നീ ഉജ്ജ്വലിപ്പിക്കുക. സ്നേഹം എല്ലായിടത്തും വ്യാപിക്കുന്നതിനാഗ്രഹിക്കുന്നു. ഒരാത്മാവ് ഏതളവിൽ സ്നേഹത്തെ മറ്റുള്ളവർക്ക് നൽകുമോ അതേ അളവിൽ പ്രസ്തുത ആത്മാവിലും സ്നേഹം വർദ്ധിക്കുന്നു.

8 സ്നേഹത്താൽ ദഹിപ്പിക്കപ്പെടുന്നതിന് നീ നിന്നെ അനുവദിക്കുക. സ്നേഹാഗ്നിയിൽ കത്തിക്കാണുവാൻ ആഗ്രഹിക്കുന്ന സകലരേയും പ്രത്യേകിച്ച് കൂടുതൽ ഒരുക്കമുള്ളവരെ സ്നേഹം അതിവേഗത്തിൽ ദഹിപ്പിക്കും.

9 സ്നേഹം നിന്നെ സദാ ഉപയോഗപ്പെടുത്തട്ടെ. സ്നേഹം ഒരാത്മാവിന്റെ കായ്ം പരിഗണിക്കുമാത്രമല്ല പ്രത്യുത പ്രസ്തുത ആത്മാവിനിഷ്ടമുള്ള ഏതൊരുവനുവേണ്ടിയും ഉള്ള സകല പ്രവർത്തനങ്ങളേയും ക്രമപ്പെടുത്തുന്നതിലും ആനന്ദം കണ്ടെത്തുന്നു.

10 സ്നേഹം നിന്നെ ദഹിപ്പിക്കട്ടെ. സ്നേഹത്തിനു സ്വയം സമർപ്പിക്കുന്ന ഏതാത്മാവിനേയും അത് അവസാനംവരെ ദഹിപ്പിച്ചുകൊണ്ടിരിക്കും.

❖❖❖❖❖❖❖❖❖

നാലാം ഉപദേശം

എളിമയുടെ ദശവിധികർം

26th Aug. 1915.

1. ഓ! എന്റെ സ്നേഹഭാജനമെ നീ ഇല്ലായ്മയാകുന്നു. അല്ല നീ അതിലും നിസ്സാരമാണ്. എന്തെന്നാൽ നീ ഒരു നിർഭാഗ്യ അപരാധിനിയും ഒരു പാപിനിയായ ഇല്ലായ്മയുമാകുന്നു.

2. നിനക്കു യാതൊരു നന്മയും സ്വയമെ ചെയ്യുന്നതിന് സാദ്ധ്യമല്ല. പ്രത്യുത എന്റെ പ്രസാദവരത്തെ നിന്ദിച്ചുകൊണ്ടു് എന്നെ ഉപദ്രവിച്ചു് നിന്റെ ആത്മാവിനെ നിത്യമായി നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിനു മാത്രമെ നിനക്കു സാധിക്കുകയുള്ളൂ.

3. നിന്റെ യോഗ്യത ഇല്ലായ്മ ആകുന്നു. ആകയാൽ നീ എന്തെങ്കിലും വിധിക്കുകയോ, പറയുകയോ, ആവശ്യപ്പെടുകയോ, ആവലാതിപ്പെടുകയോ ചെയ്യരുതു്?

4. ഇല്ലായ്മ ഏതു സാഹചര്യത്തിലും സംതൃപ്തിയാകണം. എന്തെന്നാൽ അതു് യാതൊന്നും സമ്പാദിക്കുന്നില്ല. തൻമൂലം യാതൊന്നും ആവശ്യപ്പെടാതേയും യാതൊന്നിനെക്കുറിച്ചും ആവലാതിപ്പെടാതേയും ജീവിതം നയിക്കുന്നു.

5. മറ്റുള്ളവർ തന്നെപ്പറ്റി അനുകൂലമായി ചിന്തിച്ചു് പ്രവർത്തിക്കുന്നതിനു് ഇല്ലായ്മ ഒരിക്കലും ആഗ്രഹിക്കുന്നില്ല. എന്നാൽ അധികാരികർം

അവരുടെ ഉപവി നിമിത്തം ഇവളുടെ കായ്ത്തിൽ വല്ല അനഭാവവും പ്രദർശിപ്പിച്ചാൽ ഇവർ ഇവളുടെ ശൂന്യാവസ്ഥയുടെ അഗാധത്തിൽ സ്വയം താഴ്ത്തുന്നു.

6. എന്റെ സ്നേഹമണവാട്ടിയെ; നീ സ്വയം വൃത്തിയുള്ള ഒരു പഴന്തുണിക്കഷണമായിട്ടുപോലും നിന്നെ കരുതരുത്! എന്തെന്നാൽ അതു് പലപ്പോഴും വല്ലതും തുടക്കുന്നതിനു് ഉപയോഗപ്പെട്ടുന്നതുമൂലം അതു് വിലമതിക്കപ്പെടുന്നു. എന്നാൽ വൃത്തിഹീനമായ ഒന്നെങ്കിൽ അതിനെ കാണുന്ന മാത്രയിൽ വെറുപ്പു തോന്നുകയും അത്യാവശ്യപ്പെട്ടാൽ കൈയ്യ് വൃത്തികേടാതിരിക്കുന്നതിനു് വേണ്ടി വിരലുകളുടെ അറ്റംകൊണ്ടു മാത്രം അതിനെ തൊടുന്നു. നിന്റെ യഥാർത്ഥമായ നില കൂട്ടുജീവിതത്തിൽ പാലിച്ചുകൊണ്ടുപോകുന്നതിനു് നിനക്കു് ആഗ്രഹമുണ്ടെങ്കിൽ നീ നിന്നോടും ഇതേവിധം പ്രവൃത്തിക്കേണ്ടിയിരിക്കുന്നു.

7. നീ നിസ്സാരയാണെന്നുള്ള ചിന്തയിൽ മുഴുകി സദാ വർത്തിക്കണം. അപ്പോൾ നിനക്കു നല്കപ്പെടുന്നവയെല്ലാം നീ അയോഗ്യയെന്നു് സ്വയം കരുതുകയും ചെയ്യും.

8. സ്നേഹം നിന്നെക്കൊണ്ടു് എന്തെങ്കിലും പ്രവർത്തിപ്പിക്കുന്നതിനാഗ്രഹിക്കുമ്പോൾ നീ അതിനു സമ്മതിക്കണം. അസാധാരണമായ വല്ല ദാനവും നിനക്കു് സ്നേഹം നല്കുമ്പോൾ എളിമയോടെ നീ അതിനെ സ്വീകരിക്കണം. ലോകത്തെ സൃഷ്ടിച്ചതു് ഞാനാണു്. സൂര്യൻ അതിലുണ്ടു്. എത്രയോ വലിയ ജോലിയാണു് അതു് നിർവ്വഹിക്കുന്ന

തു്. അല്പപ്രാണികളേയും അവിടെ നിനക്കു കാണാൻ സാധിക്കുന്നില്ലേ? രണ്ടിന്റേയും സൃഷ്ടാവു് ഞാനാണു്. രണ്ടും എന്റെ ഏറ്റവും വലിയ മഹിമയ്ക്കു് ഉപകരിക്കുന്നു. ഇതേ വിധംതന്നെ ഞാൻ നല്കുന്ന ദാനങ്ങൾ ഏതുതരത്തിലുള്ളതായാലും നീ അതിനെ അവഗണിക്കരുതു്. സർവ്വതും എന്റെ മഹത്വത്തിനായി ഉപകാരപ്പെടുത്തണം. ആയതു് സ്നേഹത്തെ പ്രതിയും ആയിരിക്കണം. അല്ലാതെ വെറും വികാരപരമായസന്തോഷത്തോടെ ഒരിക്കലും ഒന്നും നിർവ്വഹിക്കരുതു്! ഒരു ചെടിയുടെ വേരുകൾ മണ്ണിനടിയിൽ മറഞ്ഞിരിക്കുമ്പോൾ അല്ലയോ അതു് ധാരാളം ഫലം പുറപ്പെടുവിക്കുന്നതു്. വേരുകൾ എത്ര ആഴത്തിൽ സ്ഥിതിചെയ്യുമോ അത്രയ്ക്കു കുറച്ചുമാത്രമേ അതു് പുറമെ കാണപ്പെടുകയുള്ളൂ. ഈ വിധം പ്രവർത്തിക്കുവാൻ നീയും ശ്രമിക്കുക. ആന്തരികജീവിതത്തെ വിലമതിക്കുക. ബാഹ്യമായവ കൃത്യനിഷ്ഠയുള്ള ഒരു സാധാരണജീവിതമായിരിക്കട്ടെ. ഉപവി, എളിമ, ആശയടക്കം ഇവയിൽ ആരംഭിക്കുന്ന നിന്റെ ആഭ്യന്തരജീവിതം സദാ അസാമാന്യമായിരിക്കുന്നതിനു് നീ ശ്രദ്ധപതിക്കണം.


9. എന്റെ പരിശുദ്ധഹൃദയമാകുന്ന സിംഹാസനത്തിൽ നിത്യമായി നിന്നെ ഇരുത്തുന്നതിനായി ദുഃഖദുരിതപൂർണ്ണമായ ഈ ലോകത്തിൽനിന്നു് സ്നേഹത്തിനു് ഇഷ്ടമുള്ളപ്പോൾ നിന്നെ വിളിക്കുന്നതിനു് നീ ഒരുങ്ങിയിരിക്കണം. മലയ്ക്കുള്ളിലുള്ള മാണിക്യത്തെ ആരും കാണുന്നില്ലെങ്കിലും അതു് അവിടെ സ്ഥിതിചെയ്യാതിരിക്കുന്നില്ലല്ലോ.

ഇപ്രകാരമത്രെ ഞാൻ രഹസ്യത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന അപ്രസിദ്ധമായ നിർമ്മല ആത്മാക്കളുടെ സ്ഥിതിയും. മനുഷ്യദൃഷ്ടിക്കു് ദൃശ്യമാകാതെ സകല മനുഷ്യരേയും സഹായിക്കുന്ന മാലാഖമാർ നിന്റെ ധ്യാനവിഷയമായിരിക്കണം.

10. അവസാനമായി നീ നിന്റെ ഇല്ലായ്മയുടെ അഗാധത്തിൽ എത്രനാൾ മറഞ്ഞിരിക്കുമോ, ആ സമയത്താണു് ഞാൻ നിന്റെമേൽ അനേകം ദാനങ്ങൾ വർഷിക്കുന്നതു്. ഈ നിലയിൽ നീ നില്ക്കുന്നുവെങ്കിൽ ഞാൻ നിനക്കു് സദാ നന്മയുടേയും, അനുഗ്രഹത്തിന്റേയും സ്നേഹത്തിന്റേയും ദൈവമായിരിക്കുന്നതാണു്. എന്നാൽ ഏതു വിനാഴികയിൽ നീ നിഗളത്താൽ തട്ടിക്കപ്പെട്ടുമോ ആ നിമിഷത്തിൽ ഞാൻ നിനക്കു നീതിയുടെ ഒരു ദൈവമായിത്തീരും. ഞാൻ നിന്നോടു് ഇതു് പറയുന്നതു് നിന്നെ ഭയപ്പെടുത്തുവാനല്ല, പ്രത്യുത നിന്നെ സ്നേഹിക്കുന്നതുകൊണ്ടു് നിനക്കൊരു മുന്നറിവു് തരുന്നതിനു് മാത്രമാണു്.

നീ എളിമ അഭ്യസിച്ചാൽ നിനക്കു് സമാധാനം കണ്ടെത്താം. നിനക്കു പരിപൂർണ്ണസമാധാനം കണ്ടെത്തണമെങ്കിൽ നീ പൂർണ്ണമായി എളിമ അഭ്യസിക്കണം. നിന്റെ ശ്വാസോച്ഛ്വാസം എളിമയെങ്കിൽ പോലീസ്സുകാരൻ കള്ളന്മാരെ പിടിക്കുവാൻ ഓടുന്നതിൽ കൂടുതൽ ശ്രദ്ധയോടെ എന്റെ അനുകമ്പയും സ്നേഹവും ആനുകൂല്യങ്ങളും നിന്നെ അനുഗമിച്ചുകൊണ്ടിരിക്കും. ഓ! സന്യസ്താത്മാവേ നിന്നെ "എന്റെ എളിമ"യെന്നു എനി

ക്കു വിളിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ! നീ സ്നേഹത്തിൽ വിശ്വസ്തയെങ്കിൽ എന്റെ ആഗ്രഹം സാധിക്കുന്നതാണു്.



അഞ്ചാം ഉപദേശം

മനഃശരണത്തിന്റെ ഭശവിധികം

11th September 1915

1. എനിക്കു് ഒരു ദൈവമുണ്ടു്. അവിടുന്നു് മുഴുവൻ എന്റേതാകുന്നു.

2. എന്റെ സ്വത്തുമായ ഈ ദൈവം എന്റെ പിതാവുകൂടെയാണു്.

3. സ്രഷ്ടാവായ ദൈവം സൃഷ്ടിയായ ഞാൻ മുഴുവനും എന്നേയ്ക്കും നിന്റേതാകുന്നതിനാഗ്രഹിക്കുന്നു.

4. ഈ ദൈവം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്കു് ഇറങ്ങിവന്നതു് എന്നെ അന്വേഷിക്കുന്നതിനായിട്ടു മാത്രമാകുന്നു.

5. മനുഷ്യാവതാരം ചെയ്ത ഈ ദൈവം എനിക്കൊരു സഹോദരനും, സ്നേഹിതനും ആശ്വാസപ്രദായകനും ആയിരിക്കുവാൻ ആഗ്രഹിക്കുന്നു.

6. രക്ഷകനായ ഈ ദൈവം എന്റെ എല്ലയത്തെ ആവശ്യപ്പെടുന്നു.

7. വിശുദ്ധീകരിക്കുന്നവനായ ഈ ദൈവം

എന്റെ വൈദ്യനും, ഔഷധവും, സർവ്വോപരി എ
ന്റെ സ്നേഹഭാജനവും ആയിരിക്കുവാൻ ആഗ്രഹി
ക്കുകയും അതിനായോജിച്ചവിധം കരുണ എന്നോട്
കാണിക്കുകയും ചെയ്യുന്നു.

8. ഒരു വൃക്ഷത്തിന്റെ ഫലങ്ങൾ എല്ലാം
ആരെങ്കിലും പറിച്ചെടുത്താൽ അതു് യാതൊരു അ
വലാതിയും കൂടാതെ ആടുത്തപ്രാവശ്യവും ഫലങ്ങ
ൾ പുറപ്പെടുവിക്കുന്നു. ഇതേവിധംതന്നെ ഏതു
തരക്കാർക്കും തന്റെ ദാനങ്ങൾ എടുത്തുകൊണ്ടു
പോകുവാൻ സ്നേഹമൂർത്തിയായ ദൈവം ആഗ്രഹി
ക്കുന്നു. വൃക്ഷത്തിൽനിന്നും ഫലത്തിനായി ഒരു
കൊല്ലത്തേയ്ക്കു് പാർത്തിരിക്കണം. എന്നാൽ ദൈ
വമാകട്ടെ ഫലം ഉടനടി പുറപ്പെടുവിക്കുന്നു.

9. ആശ്വാസപ്രദനായ ഈ ദൈവം ഭ
രിതങ്ങളെ ഇല്ലാതാക്കുന്നതിനും, അപൂർണ്ണതകളെ
നിർമ്മൂലനംചെയ്യുന്നതിനും, ക്ഷീണമനസ്സുകളെ ബ
ലപ്പെടുത്തി നല്ല പ്രതിജ്ഞകളിൽ സ്ഥിരപ്പെടുത്തു
ന്നതിനുമായി പുറനിന്നടക്കുന്നതിൽ ആശ്വാസം ക
ണ്ടെത്തുന്നു.

10. പാപികളെ സ്നേഹിക്കുന്ന ഈ ദൈവം
ലോകം നിന്ദിക്കുകയും, വെറുക്കുകയും, ഉപേക്ഷിക്കു
കയും ചെയ്യുന്നവരെ—അതായതു് കഠിനപാപിക
ളെ തേടിനടക്കുന്നു. ഈ സമയത്തു് പാപികൾ അ
ങ്ങിൽ വിളയാടുന്ന കരുണയുടേയും ഉപവിയുടേയും
മാധുര്യത്തെ ദർശിച്ചു് മാനസാന്തരപ്പെടുന്നു. അ
നന്തരം രക്ഷകന്റെ രക്ഷണീയവേലയിൽ അവി
ടുന്നു് ആവശ്യപ്പെടുന്നവിധത്തിലുള്ള സഹകരണം
പ്രസ്തുത ആത്മാക്കളിൽ കണ്ടെത്തുന്നപക്ഷം അവി

ട്ടുന്നു് ഇവരെ വിശുദ്ധിയുടെ ഉത്തമമാതൃകകളാക്കിത്തീർക്കും.

ആറാം ഉപദേശം

അനുഗ്രഹത്തിന്റെ ദശവിധികർമ്മം

1. ഞാൻ അനുഗ്രഹത്തിന്റെ ദൈവമാകുന്നു.

2. എന്റെ ഏകജോലി അനുഗ്രഹം വർഷിക്കുകയാകുന്നു.

3. ഒഴുക്കിനെതിരെ പോകുന്നവനു് എന്തനുഭവപ്പെട്ടുമോ അതുതന്നെ നീതിപ്രവർത്തിക്കുമ്പോൾ എനിക്കും അനുഭവപ്പെട്ടുന്നു. അതു് എന്നോടുതന്നെ ഞാൻ ബലം പ്രവർത്തിക്കുന്നതിന്റെ ഫലമാണു്.

4. അനുഗ്രഹത്തിന്റെ വാതൽ ഒരിക്കലും അടച്ചിടുകയില്ല. അതിൽ ഒന്നുമുട്ടിയാൽ പെട്ടെന്നു് അതു് തുറന്നുകിട്ടും. അതു് എപ്പോഴും സ്വല്പം തുറന്നതായിട്ടാണു് കാണപ്പെട്ടുന്നതു്. അതുകയാൽ ഒരു പിഞ്ചുപൈതലിനോ അഥവാ ശക്തിക്ഷയിച്ച ഒരു വൃദ്ധനോ നിഷ്പ്രയാസം അതു് തുറന്നു് അകത്തുകടക്കാം.

5. എന്റെ നീതിയുടെവാതൽ എപ്പോഴും അടച്ചുപൂട്ടിയിരിക്കയാണു്. എന്നെ നിർബന്ധിക്കുന്നവർക്കു് അതു് തുറന്നുകൊടുക്കാതിരിക്കാൻ എനിക്കു് ഗത്യന്തരമില്ല. ഞാൻ സ്വമനസ്സാലെ അതിനെ ഒരിക്കലും തുറക്കുകയില്ല.

6. ഒരാത്മാവ് (അതു് ഏതുതരത്തിൽ പെട്ടതായാലും) ഒരിക്കൽ കരുണയുടെ പടികടന്നു് അകത്തു പ്രവേശിച്ചാൽ അവൾ സ്നേഹത്തിന്റെ അധീനത്തിൽ പെടുകയും, അതിന്റെ പിടിയിൽ നിന്നവൾ അകന്നുപോകാതിരിക്കുന്നതിനാവശ്യമുള്ള സകല മാർഗ്ഗങ്ങളും സ്നേഹം ഉപയോഗിക്കുന്നതു കാരണത്താൽ പ്രസ്തുത ആത്മാവു് അവളുടെ പുതിയ വസതിയെ സ്നേഹിക്കുന്നതിനു് ആകഷിക്കപ്പെടുന്നു.

7. സ്നേഹം ഈ ആത്മാവിനെ ഒരു സൗഭാഗ്യ തടവുകാരിയാക്കിയതിന്റെശേഷം ഇവളെ സ്വതന്ത്രയാക്കുന്നു. ആയതു് സ്നേഹത്തിന്റെ ആവൃതിക്കകത്തുമാത്രമാണു്. എന്തുകൊണ്ടെന്നാൽ ഇവൾ ഇവളുടെ പുതിയ വസതിക്കു പുറമെ സഞ്ചരിച്ചാൽ ചിലപ്പോൾ ഇവൾക്കു് മരണംതന്നെ നേരിട്ടേയ്ക്കും. എന്നാൽ സ്നേഹം ഒരിക്കലും ഇവളുടെ വേർപാടിനെ തടയുകയില്ല. പക്ഷെ ഇവൾപുറത്തേയ്ക്കു പോകുന്നതിനു് ശ്രമിക്കുന്നമാത്രയിൽ സ്നേഹം ഇവളിൽനിന്നും തന്റെ ദൃഷ്ടിയെ തിരിച്ചുകളയുന്നു. ഈ വിധമത്രെ സ്നേഹം ഇവളെ കടിഞ്ഞാൺ ഇട്ടു് നിയന്ത്രിക്കുന്നതു്.

8. കഴിഞ്ഞ കാലത്തിലെ പാപങ്ങളും ക്രമക്കേടുകളും ആശാപാശങ്ങളും മൂലം ഒരാത്മാവു് എത്ര നികൃഷ്ടസ്ഥിതിയിലായിരിക്കുന്നുവോ അത്രയ്ക്കു കൂടുതലായി സ്നേഹം ഈ ആത്മാവിൽ സംതൃപ്തികണ്ടെത്തുന്നു. ഇതിനുള്ള കാരണം പൂർത്തീകരണജോലി വളരെ അധികമായി ഇവളിൽ നിർവ്വഹിക്കാനുള്ളതുതന്നെ.

9. സ്നഹത്തെ ആശ്രയിക്കേണ്ടവർ-ദൈവികകരുണയെ കൂട്ടുതലായി പാത്തിരിക്കേണ്ടവർ-ഏറ്റവും നിർഭാഗ്യരും ബലഹീനരും,ആശാപാശങ്ങൾക്കടിമപ്പെട്ടു ജീവിക്കുന്നവരുമത്രെ.

10. ഈവിധം ദൈവസ്നേഹത്തിന്റെ ഭാജനങ്ങളായ ആത്മാക്കൾ അനേകം സജീവപ്രതിമകളായി ദൈവാനുഗ്രഹങ്ങളുടെ - ആധിക്യത്തെ വർണ്ണിച്ചു് സ്തുതിച്ചു് ഇഹത്തിൽ ജീവിക്കുന്നു. ഇവർ ഇതു് നിർവ്വഹിക്കുന്നതു് ദൈവത്തിൽനിന്നും ഇവർ സ്വീകരിച്ച ജീവനുള്ള വെളിച്ചത്തിന്റെ പ്രതിഛായയെന്നിലേക്കു് സൽപ്രവർത്തികൾമൂലം അച്ചുകൊണ്ടത്രെ. പ്രസ്തവെളിച്ചമോ എന്നാൽ ദൈവം ഇവർ നിത്യായുസ്സിലേയ്ക്കു പ്രവേശിക്കുന്നതിനു് ഉപയോഗപ്പെട്ടതായ കരുണയുടേതായിരുന്നു. ഈ ആത്മാക്കൾ വിലയേറിയ രത്നങ്ങൾക്കു സമം ശോഭിക്കുകയും ഇവർ ദൈവാനുഗ്രഹങ്ങളുടെ കിരീടമായി ഭവിക്കുകയും ചെയ്യുന്നു.

❖❖❖❖❖❖❖❖❖

ഏഴാം ഉപദേശം

"നോമ്പുകാലത്തേയ്ക്കുള്ള മത്സരം"

(വിസിറ്റേഷൻ സന്ന്യാസസഭയിൽ ആഗമനം, വലിയനോമ്പു്, കർത്താവിന്റെ പിറവി, പന്തക്കുസ്ത എന്നീയവസരങ്ങളിൽ പ്രത്യേകവിധം അഭ്യസിക്കുന്നതിനായി ശ്രേഷ്ഠത്തിയമ്മ

സുകൃതാഭ്യാസങ്ങളുടെ ഒരു പട്ടിക കീഴുള്ള സന്ന്യാസിനികൾക്കു നല്കുന്ന ഒരു പതിവുണ്ടു്.)

ഈശോ പറയുന്നു: എന്നെ പ്രസാദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്നുള്ള യഥാർത്ഥമായ സ്നേഹത്തോടും ആഗ്രഹത്തോടുംകൂടെ ഈ ആദ്ധ്യാത്മികമത്സരത്തിൽ നിങ്ങൾ പങ്കെടുക്കുമെങ്കിൽ ഇതു് എന്റെ മണവാട്ടികളിൽ എന്റെ ഹൃദയത്തോടുള്ള സ്നേഹസല്ലാപത്തിൽ അഭിവൃദ്ധി ഉളവാക്കുകയും തൻമൂലം എന്നോടു് കൂടുതൽ ഐക്യപ്പെടുന്നതിനു് ഇതു് അവരെ സഹായിക്കുകയും ചെയ്യുന്നു. നോമ്പുകാലത്തു് എന്റെ മണവാട്ടികളുടെ കടമ—ഏറ്റവും വലിയകടമ—എന്റെ പീഡാനുഭവങ്ങളെ—അതേ മനുഷ്യരക്ഷയുടെ വിലയായ എന്റെ പീഡകളെപ്പറ്റി കൂടെക്കൂടെ ധ്യാനിച്ചുകൊണ്ടു് എന്നോടുകൂടെ സഹവസിക്കുകയായിരിക്കണം. അനന്തരം ഓരോരുത്തരും വേറെ ഓരോ വെറോനിക്കാമാരായി എന്റെ തിരുമുഖം തുടയ്ക്കുന്നതിനായി സ്നേഹത്താൽ പ്രേരിതരായി മുൻപോട്ടുകയറിവരണം. ഓരോ സന്ന്യാസഭവനവും—അല്ല, ഓരോ സന്ന്യസ്താത്മാക്കളും ഓരോ 'സ്റ്റുഡിയോ,' ആയിത്തീരണം. അവിടെ അവളുടെ ഹൃദയഏകാന്തതയിൽ അവളുടെ മാനസ്സിക നയനങ്ങളെ വിശിഷ്യാ ഹൃദയക്കണ്ണുകളെ എന്റെ ദൈവികച്ഛായയിൽ പതിപ്പിക്കുന്നതിനു് ശ്രമിക്കണം. കഴിയുന്നത്ര ഏകാന്തതയിലും മൗനത്തിലും നിവ്വഹിക്കേണ്ട ഒന്നാണിതു്.

എന്റെ മണവാട്ടികളുടെ ഭക്തിക്കനുസരിച്ചായിരിക്കും അവരിൽ ഞാൻ എന്റെ മഹായ പ

തിക്കുന്നതു്. എന്റെ ദൈവികപ്രിയ പതിക്കുന്നതിനുള്ള ഓരോ തുവാലകളാകുന്നതിനു് എന്റെ ഓരോ മണവാട്ടികളും ശ്രമിക്കണം. ഒന്നുകൂടി വിശദമായി പറഞ്ഞാൽ എന്റെ പ്രിയ മണവാട്ടികളെ എന്നെപ്പോലെയുള്ള ഓരോ സജീവപ്രതിമകളാക്കണമെന്നാണു് എന്റെ ഉദ്ദേശം. തൽഫലമായി പ്രസാദവരത്തിന്റെ പ്രവർത്തനത്തെ ബാഹ്യമായിക്കൂടേയും ഓരോരുത്തരും അവളുടെ സഹോദരികളിൽ ദർശിക്കും.

ഈ മത്സരം പ്രധാനമായി ആന്തരികാഭ്യാസങ്ങളെ സംബന്ധിക്കുന്നതാണു്. എന്തുകൊണ്ടെന്നാൽ ഇതു് മുഖ്യമായി ഹൃദയത്തിന്റെ പ്രവൃത്തിയാകുന്നു. എന്നാൽ ഇവയോടുകൂടെ ബാഹ്യമായി ഹൃദയങ്ങളെ കൂടുതൽ ഗാഢമായി യോജിപ്പിക്കുന്ന പുണ്യങ്ങളായഉപവി-ശാന്തത-സൗമ്യത-എളിമഎന്നിവയുടെഅഭ്യസനങ്ങളേയും സംയോജിപ്പിക്കണം.

1. ഒരു തടിക്ഷണത്തിൽ നിങ്ങൾ സാവധാനം ഒഴിക്കുന്ന എണ്ണ മുഴുവനും സാവധാനത്തിൽ അതു് ഉള്ളിലേക്കു് വലിച്ചെടുക്കുന്നതുപോലെ എന്റെ പീഡാനുഭവത്തിന്റെ രക്ഷണീയസ്മരണകളാൽ നിങ്ങളുടെ ഹൃദയങ്ങൾ മുഴുകണമെന്നാണെന്റെ അഭിലാഷം. (ഇതു് കടപ്പെടുത്താത്ത സ്നേഹത്തിന്റെ ഒരു വിളിയാകുന്നു) എന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള ധ്യാനം ദിവസത്തിലൊരിക്കലെങ്കിലും നിങ്ങൾ നടത്തുന്നതു് എനിക്കു് പ്രസാദകരമാണു്. എന്റെ മണവാട്ടികൾക്കു് എന്റെ പീഡാനുഭവസ്മരണ തങ്ങളുടെ ഹൃദയങ്ങളിൽ അവർ സദാ വസിക്കുന്ന ഒരു പുഷ്പമഞ്ജരി ആയിരിക്കണം.

2. ഓരോ മണവാട്ടിയും വിചാരത്തിൽ എന്നെ അനുഗമിക്കുന്നതിന് അഭ്യസിച്ചുകൊണ്ട് ദിവസംമുഴുവനും സ്നേഹസഹവാസത്തിൽ എന്നോടൊന്നിച്ച് ഇരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഓരോ ധ്യാനത്തിന്റേയും അവസാനത്തിൽ ഇതിനുപറഞ്ഞിരിയ ഒന്നോ രണ്ടോ സച്ചിന്തകളെ തിരിഞ്ഞെടുക്കുന്നതു് ഉത്തമമായിരിക്കും. ഇവയെപ്പറ്റി ദിവസത്തിൽ പലപ്പോഴും ഓർക്കുന്നതു് എന്നോടുള്ള സഹവാസത്തിൽ നിലനില്ക്കുന്നതിനു് വളരെ സഹായിക്കും.

3. സ്നേഹം ധ്യാനംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ അനുകരിക്കുന്നതിനുകൂടെ ആഗ്രഹിക്കുന്നു. എന്റെ പ്രിയമണവാട്ടികൾ ഓരോരുത്തരും ഈ നോമ്പുകാലത്തു് എന്തെങ്കിലും പ്രത്യേകം അഭ്യസിക്കുന്നതിനു് തീച്ചപ്പെടുത്തണം. ഈ മത്സരത്തിൽ എന്നെ കൂടുതൽ വിശ്വസ്തതയോടെ അനുകരിക്കുന്നതിനു് പ്രയത്നിച്ചുകൊണ്ടു് പ്രത്യേകസൂക്ഷ്മതയോടെ പ്രസ്തുത സുകൃതം അഭ്യസിക്കണം. ഉദാഹരണമായി ഇവയിൽഏതെങ്കിലുമെങ്കിൽ മൗനം തിരിഞ്ഞെടുക്കാം.

അടുത്തതായി നമുക്കു് ബാഹ്യമായ അഭ്യസനങ്ങളെക്കുറിച്ചു് ആലോചിക്കാം.

a. നോമ്പിന്റെ എല്ലാവെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി കഴിക്കുകയോ എന്റെ തിരുമുറിവുകളുടെ കൊന്ത എത്തിക്കുകയോ ചെയ്യണം. കൂട്ടമായി ഈ ഭക്തകൃത്യം അഭ്യസിക്കുന്നുവെങ്കിൽ അതു എന്റെ ഹൃദയത്തിനു് കൂടുതൽ ആനന്ദം നല്കും.

b. വെറോനിക്കായെപ്പോലെ എന്റെ തിരുമുഖം തുടയ്ക്കുന്നതിനായി ഓരോ പട്ടുതുവാല എ

ന്റെ പ്രിയമണവാട്ടികയും ഉണ്ടാക്കണം. ഇതിനു ള്ളപട്ട്—അവരുടെ രഹസ്യമായ പ്രവൃത്തികയുമാത്രമല്ല പ്രത്യുത ബാഹ്യമായവയുടേയും കൃത്യനിഷ്ഠയോടെയുള്ള വർത്തനമത്രെ. പട്ടിന്റെ നിർമ്മലത ഉദ്ദേശശുദ്ധിയും അതിന്റെ മൃദുലത അനുവർത്തനത്തിലുള്ള വിശ്വസ്തയും സ്നേഹവുമത്രെ.

c. എന്റെ മണവാട്ടികയും തങ്ങളുടെ ശക്തിക്കനുസരണമായി വിഷമതകളും അസൂകയ്ങ്ങളും തങ്ങളുടെ ഓഹരിയായി സ്വീകരിച്ച് മറ്റുള്ളവരെ വിഷമിപ്പിക്കാതെ സ്നേഹത്തോടെ വർത്തിക്കുന്നവർ എന്റെ തിരുത്തലയിൽനിന്നും മുള്ളുകളെ എടുത്തുമാറുന്നു.

എന്നോട് കൂടുതൽ സ്നേഹവാത്സല്യം കാണിക്കുവാൻ ആഗ്രഹിക്കുന്നഎന്റെ പ്രിയതമകയും അവർ മൂലം എപ്പോഴെങ്കിലും ആരെങ്കിലുംഏറ്റീട്ടുള്ള മുറിവുകളെ സുഖപ്പെടുത്തേണ്ടതു് അവരുടെ കടമയായി കരുതി ഉപവിയോടെ അവരോട് പെരുമാറണം.

എളിമയുടേയും ശാന്തതയുടേയും അഭ്യസനത്തെപ്പറ്റി പറയുകയാണെങ്കിൽ പടയാളികളുടെ ഇടയിൽക്രൂടെ എന്നെ സധൈര്യം സമീപിച്ച വെറോനിക്കായെ അനുകരിച്ചാൽ മതിയാകും. സ്വയം താഴ്ത്തുന്നതിൽ പ്രത്യേകിച്ച് പരസ്യമായി താഴ്ത്തുന്നതിൽ കൂടുതൽ വിശാലഹൃദയത്തോടെ വർത്തിക്കുന്ന മണവാട്ടി അവളിൽ എന്റെ ദൈവികച്ഛായ വളരെ വേഗത്തിലും തെളിവായും ഞാൻ പതിക്കും.

സ്നേഹഭാജനമെ, നിനക്കീമത്സരം പ്രീതിജനകമാണോ? സന്ന്യാസസമൂഹങ്ങൾക്കു മാത്രമല്ല ലോ

കസമുദ്രത്തിൽ മുഴുകിഉഴലുന്ന മറ്റാത്മാക്കൾക്കുക്കു ടേയും ഇതു് എന്റെ ഒരു ദാനമാകുന്നു. എന്തെ ന്നാൽ ഇതിൽ ചിലതെല്ലാം അനുഷ്ഠിക്കുന്നതിനു് അവക്കും സാധിക്കും.

എട്ടാം ഉപദേശം

മേയ് മാസമത്സരം

ദിവ്യകുഞ്ഞാടിന്റെ അമ്മയായ അമലോത്ഭവമറിയം നീണാൾവാഴട്ടെ. ഈശോയുടെ പരിശുദ്ധ ഹൃദയത്തിന്റെ രാജ്ഞിയായ പരിശുദ്ധ കന്യാസ്ത്രീമറിയം വാഴ്ത്തപ്പെട്ടതാകട്ടെ.

ഈശോ സംസാരിക്കുന്നു.

1. ഈ മാസത്തിൽ കഴിവുള്ളിടത്തോളം എന്റെ അമ്മയോടുകൂടെ അത്രപിയിൽ എത്രമാത്രം കൂടുതൽ യോജിക്കുവാൻ നിനക്കു സാധിക്കുമോ അത്രയും നീ യോജിച്ചു് ജീവിക്കുക.

2. ഈ മാസത്തിലെ നിന്റെ നിത്രപണം, വചനം, പ്രവത്തി, ഇവയെല്ലാം എന്റെ അമ്മയെ നീ ഏല്പിക്കുക. അവൾ അതിന്റെ അപൂർണ്ണതയെല്ലാം മായിച്ചു് എനിക്കു കാഴ്ചവെച്ചുകൊള്ളും.

3. മുക്കാൽക്കുടുത്ത മനഃസ്സാരണം അവളിൽ നീ ഉളവാക്കുന്നതിനു് സദാ പരിശ്രമിക്കുക.

4. എന്റെ അമ്മയുടെ സ്തുതിക്കായി അനു

ദിനം ഒൻപതു നന്മനിറഞ്ഞമറിയമെ എന്ന നമസ്കാരം ചൊല്ലുക.

5. ഈ മാസത്തിലെ ഓരോദിവസവും ഓരോ റോസപുഷ്പം, ഉറങ്ങുന്നതിനു മുൻപായി നീ അവൾക്കു കാഴ്ചവെയ്ക്കണം. റോസ് കമ്പിലെ മുള്ളുകൾ കയ്യിൽ കുത്തിക്കൊള്ളാതെ അതിന്റെ സൗരഭ്യം മാത്രം നിന്റെ അമ്മ ആസ്വദിക്കുന്നതിനു അതിന്റെ തണ്ടുകളിൽനിന്നും മുള്ളുകളെ പറിച്ചു കളയുവാൻ നീ പ്രത്യേകം ശ്രദ്ധിക്കണം. ഈ പുഷ്പം വിശ്വാസം, ശരണം, ഉപവി എന്നിവകളുടെ പ്രകരണങ്ങൾ കൊണ്ടുണ്ടാക്കിയതായിരിക്കണം. മുള്ളുകൾ തണ്ടിൽനിന്നും അടർത്തിക്കളയേണ്ടതു എന്റെ ഹൃദയത്തിനു സന്തോഷം പ്രദാനം ചെയ്യുന്ന നിന്റെ പഞ്ചേന്ദ്രിയങ്ങളുടെ യഥാർത്ഥമായ നിഗ്രഹത്തിൽ അടങ്ങിയിരിക്കുന്നു.

6. നിന്റെ ഹൃദയത്തിൽ എന്റെ അമ്മയുടെ ബഹുമാനാർത്ഥം ഒരു ചെറിയകപ്പേള നീ പണിയണം. അതിനകത്തുള്ള സകല ജോലികളും നീതന്നെ നിർവ്വഹിക്കുകയും വേണം.

a. നിന്റെ കഴിവിനനുസരിച്ചു് നിന്റെ സകല പ്രവൃത്തികളും പരിശുദ്ധമായ നിയോഗത്തോടെ ചെയ്തു് 'നല്ല വെള്ളത്തുവാലകം' ആയി അതിൽ നീ വിരിക്കണം.

b. തിരികളും നവകുസുമങ്ങളുംകൊണ്ടു് ആ അൾത്താര നീ അലങ്കരിക്കണം. ഈ മാസത്തിൽ നിന്റെ അമ്മയുടെ നേരെയുള്ള സ്നേഹത്തിന്റെ ലക്ഷണമായി ക്രമങ്ങളെ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതായിരിക്കണം മെഴുകുതിരികൾ. പു

ഷ്ടങ്ങളാകട്ടെ കൃത്യനിർവ്വഹണങ്ങളുടെ ഇടയിൽ അഭ്യസിക്കുന്ന സുകൃതങ്ങളിലും അടങ്ങിയിരിക്കുന്നു.

7. ഈ മാസത്തിലെ എന്റെ പ്രത്യേകപഠനം എന്റെ അമ്മയുടെ ദൈവൈക്യവും അനുചിന്തനവുമായിരിക്കട്ടെ:

"ദൈവത്തിനു് നിത്യസ്തുതി"

ഒമ്പതാം ഉപദേശം

ആത്മീയമന്ദത ഉണ്ടാകുമ്പോൾ എന്തുചെയ്യണം.

1. നീ സ്വയം താഴ്ത്തുക.

2. ദൈവത്തിന്റെ അനന്തകരുണയിൽ നീ ശരണപ്പെടുക.

3. കൂടുതൽ വിശ്വസ്തതയോടെ നിന്റെ മേൽത്തന്നെ ഒരു സൂക്ഷ്മമുള്ളവളായിരിക്കുക.

4. ഏറ്റവും മാധുര്യമേറിയ നാമങ്ങളാൽ നീ രക്ഷകനെ വിളിക്കുക.

5. അവിടുത്തെ ആഗമനത്തിൽ വേണ്ട വിധം അങ്ങേ സ്വീകരിക്കുന്നതിനു് നീ ഒരുങ്ങിയിരിക്കുക.

6. ദൈവം നിന്നെ ആശ്വസിപ്പിക്കുന്നതിനായി വരുമ്പോൾ പിന്നീടു് ഒരിക്കലും അവിടുന്നു് നിന്നെ വിട്ടുപിരിയാതിരിക്കത്തക്കവിധം ഗാഢമായി അദ്ദേഹത്തെ നീ ആലിംഗനം ചെയ്യുക.

പത്താം ഉപദേശം

ആദ്ധ്യാത്മിക ആശ്വാസങ്ങൾ ഉണ്ടാകുമ്പോൾ എന്തുചെയ്യണം.

1. നീ സ്വയം എളിമപ്പെടുക.

2. ദൈവത്തോടു കൂടുതൽ കൂടുതൽ നന്ദി പ്രദർശിപ്പിക്കുന്നതിന് നിന്റെ സകല ആനന്ദങ്ങളിലും അദ്ദേഹത്തെ ദർശിക്കുകയും ചെയ്യുക.

3. ആത്മീയവരം ച്യുതെ സമയത്തു് സമാധാനത്തിൽ കഴിച്ചുകൂട്ടുവാനായി നിന്റെ സ്വഭാവചാച്ചിലെ ജയിക്കുവാനതകുന്ന സുകൃതങ്ങളെ നീ സമ്പാദിച്ചുകൊള്ളുക.

4. ഇന്ദ്രിയസന്തോഷങ്ങളുടെ അഭാവത്തെ അഭിമുഖീകരിക്കുവാൻ നീ സദാ തയ്യാറായിരിക്കുകയും, ആത്മീയശുഷ്കതയുടേയും മന്ദതയുടേയും മദ്ധ്യത്തിൽപോലും വിശ്വസ്ഥതയോടെ ദൈവശുശ്രൂഷയിൽ സ്ഥിരമായി നില്ക്കുന്നതിനുള്ള അനുഗ്രഹം നീ അപേക്ഷിക്കുകയും വേണം.

പതിനൊന്നാം ഉപദേശം

പുണ്യപരിപൂർണ്ണതയുള്ള അഞ്ചു സംഗതികൾ.

"പരിശുദ്ധ ത്രീത്വം എന്റെ ആനന്ദം" എന്നു പറയുന്നതിനും ആ ആനന്ദത്തിൽ വസിക്കു

വാൻ ആഗ്രഹിക്കുന്ന ഒരു സന്ന്യസ്താത്മാവു് സ്വാ ർത്ഥത്തെപ്പറ്റി ചിന്തിക്കാതെയിരിക്കത്തക്കവിധം സ്വയം വിസ്മരിക്കുകയും, അതേസമയം പരിശു ദ്ധാത്മാവിന്റെ സ്വയം പരിപൂർണ്ണമായി കയ്യാളി ക്കുന്നതിൽ യാതൊരു വൈമനസ്യവും കാണിക്കാ തിരിക്കുകയും വേണം.

2. നിന്റെ സ്നേഹമണവാളനായ മിശിഹാ യുടെ കരങ്ങളാൽ വാത്സല്യപൂർവ്വം നീ വഹിക്കപ്പെ ടണമെങ്കിൽ വിഷമതയുടേയും സഹനങ്ങളുടേയും, ഇഷ്ടാഭംഗങ്ങളുടേയും, എന്നല്ല മറ്റു ഏതു പരീ ക്ഷകളുടേയും അവസരങ്ങളിൽ എന്നിയ്ക്കായി 'ഈ ശോ' ഉണ്ടെന്നു പറഞ്ഞു് അങ്ങിൽ വിശ്രമിക്കണം.

3. പൂർണ്ണതയിൽ ഉത്തരോത്തരം അഭിവൃ ദ്ധിപ്പെട്ടുന്നതിനും ഈശോയുടെ ശാന്തമായ ഹൃദയ ത്തിന്റെ നിഗൂഢരഹസ്യങ്ങൾ ഗാഢമായി ഗ്രഹി ക്കുന്നതിനും നീ ആഗ്രഹിക്കുന്നുവെങ്കിൽ കർശ്ശവും നിരന്തരവും സംപൂർണ്ണവുമായ ഇന്ദ്രിയനിഗ്രഹം, ഏറ്റവും സൂക്ഷ്മമായ മൗനത്തോടുകൂടെ നീ അനു ഷ്ഠിക്കണം.

4. ആന്തരികജീവിതത്തിന്റെ ഒരാത്മാ വായി നിരന്തരം വർത്തിക്കുകയും ദൈവത്തെ സ്വീ കരിക്കുന്നതിനായി സദാ സന്നദ്ധയായിരിക്കുകയും ചെയ്യുന്ന ഒരാത്മാവിനു് ദൈവം തന്നെത്തന്നെ ന ല്കുന്നു. പ്രസ്തുത ആത്മാവു് മിശിഹായിൽ നിഗൂഢ മായിരിക്കുന്ന നവീനമണ്ഡലങ്ങളെ കണ്ടുപിടിക്ക ുന്നതിനായി ദൈവാനുഗ്രഹത്തിനു് തന്നെത്തന്നെ ഭ രമേല്പിച്ചശേഷം സൃഷ്ടികളോടു കുറച്ചും സ്രഷ്ടാവി നോടു കൂടുതലായും സംസാരിച്ചു തഴങ്ങണം.

എന്നാൽ ഈ സംഭാഷണം ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന വിവിധ പ്രകരണങ്ങളും മൂലമായിരിക്കണം. അനന്തരം ഇവർ സൃഷ്ടികളെ ഉപയോഗിക്കുന്നത് സ്രഷ്ടാവിലേക്ക് ഉയരുന്നതിനുള്ള ഒരു ഉപകരണമായിട്ടുമാത്രമായിരിക്കണം.

5. ധൃതഗതിയിൽ പൂർണ്ണതപ്രാപിക്കുന്നതിന് സാധിക്കണമെങ്കിൽ സൃഷ്ടികളിൽ ഇവർ ദൈവത്തേയും, അവിടുത്തെ മഹത്വത്തേയും, അങ്ങേതിരുമനസ്സിനേയും ദർശിച്ചു് പ്രവർത്തിക്കണം. ഇതിന്റെ ഫലമായി ഇവർ സദാ സമാധാനത്തിൽ വസിക്കുകയും തന്റെ ആത്മീയമണവാളനായി ഈശോയെ കരുതി ധാരാളഹൃദയത്തോടെ അങ്ങേയ്ക്കുമാത്രം ശുശ്രൂഷ ചെയ്യുന്നതിന് പ്രാപ്തിയുള്ളവരാകുകയും ചെയ്യുന്നു.

പന്ത്രണ്ടാം ഉപദേശം

ഉന്നതപരിപൂർണ്ണതയുടെ ദർശവിധികർം.

August 31-1915.

1. ഏറ്റവും ഉന്നതമായ വിശുദ്ധിയും, പരമമായ പരിപൂർണ്ണതയും, ദൈവത്തോടുള്ള ഏറ്റവും മാധുര്യവും സുദൃഢമായ യോജിപ്പും പ്രാപിക്കുന്നതിനായി ദൈവം തന്റെ കൃപാവരം ആർക്കു നൽകുന്നുവോ ആ ആത്മാവ്, എളിമയുടേയും സ്വയനിഷേധത്തിന്റെയും ഉന്മൂലനാശത്തിന്റേയും സ്രഷ്ട

വസ്തുക്കളുടെ വിസ്മൃതിയുടേയും അഗാധത്തിൽ സ്വയം പ്രതിഷ്ഠിക്കണം.

2. സകല സൃഷ്ടികളുടേയും നാഥനെന്നനിലയിൽ ദൈവം തന്റെ കൃപാവരം പ്രസ്തുത ആത്മാവിനു നൽകി അതിന്റെ അഗാധത്തിൽ നിന്നും ഉയർത്തുവാൻ കരുതുമ്പോൾ ഇവൾ എളിമയുടെ ഭാവത്തിൽ സ്നേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം ചെയ്യാതെ വെള്ളത്തിനടിയിൽ കിടന്നിരുന്ന ഒരു സ്പഞ്ച് വെളിയിലേക്കുയർത്തപ്പെടുമ്പോൾ ബലപ്രയോഗം കൂടാതെ അതിനകത്തുള്ള വെള്ളം തുള്ളിതുള്ളിയായി പുറത്തേയ്ക്ക് ഇറ്റിറ്റു വീഴുന്നതുപോലെ ഇവളും സ്നേഹത്തെ പിൻചെല്ലണം. ഇവൾ നിർബ്ബന്ധിക്കപ്പെടുമ്പോൾ മാത്രമല്ല അതായത് അനുശാസിക്കപ്പെടുമ്പോൾ മാത്രമല്ല – പിന്നായോ ഏതു സാഹചര്യത്തിലും സ്വന്ത പരിതസ്ഥിതികളേയും, വാസനകളേയും അതിന്റെ ഫലങ്ങളേയും നിഗ്രഹിച്ചുകൊണ്ടു ജീവിക്കുവാൻ പഠിക്കണം.

3. സ്നേഹം ആവശ്യപ്പെടുന്ന് വിധത്തിലെല്ലാം ഒരാത്മാവു് അതിനെ ശ്രുശ്രൂഷിക്കുന്ന പക്ഷം സ്നേഹം അവളെ എളിമയുടേയും സ്വയനിന്ദനത്തിന്റേയും ഉന്മൂലനാശത്തിന്റേയും അഗാധത്തിലേയ്ക്ക് വീണ്ടും ആനയിക്കും. വീണ്ടും സ്നേഹത്തെ ശ്രുശ്രൂഷിക്കുന്നതിനല്ലാതെ അവിടുന്നു പുറത്തുപോകുവാൻ ആഗ്രഹിക്കാത്തവിധം ഇവൾ ഈ അന്തരീക്ഷത്തിൽ അത്രയ്ക്ക് തൃപ്തയായിരിക്കും. എളിമയുടെ അഗാധത്തിലുള്ള ഈ വസതിയിലെ പ്രസ്തുത ആത്മാവിന്റെ പ്രവർത്തനങ്ങൾ മനുഷ്യസ്വഭാവം സ്വീകരിച്ച ദൈവവചനത്തിന്റെ ആന്തരികമായ മ

നഃസ്ഥിതിയോട് യോജിച്ചതായിരിക്കണം. ഭാഗ്യവതിയായ ഈ ആത്മാവിന്റെ പഠനങ്ങളെല്ലാം ഈ വാക്കുകളിൽ സംക്ഷേപിയ്ക്കാം. വിസ്മയം-ആരാധന-അനുകരണം-മനുഷ്യാവതാരംചെയ്ത ദൈവത്തിന്റെ എളിമയെ ദർശിച്ച് വിസ്മയിക്കുകയും, അവിടുത്തെ ആരാധിക്കുകയും കഴിയുംവിധം അനുകരിക്കുകയുമത്രെ ഇവളുടെ പ്രഥമകടമ. അതേസമയത്ത് സ്വന്തശ്രുന്യാവസ്ഥയെപ്പറ്റിയുള്ള ചിന്തയിൽ സദാ നിമഗ്നയായിരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു മനഃസ്ഥിതി ഇവൾക്ക് വേറെ ഉണ്ടാകുവാനില്ലെന്നും മനസ്സിലാക്കണം.

4. ഈ മനഃസ്ഥിതിയിൽ എത്തിയ ഒരാത്മാവിനാൽ സ്നേഹം വശീകരിക്കപ്പെടുകയും, ആകർഷിക്കപ്പെടുകയും, മധുരമായി നിബ്ബന്ധിക്കപ്പെടുകയും ചെയ്യുമ്പോൾ സ്നേഹം തന്റെ ദിവ്യദാനങ്ങളോടുകൂടെ പ്രസ്തുത ആത്മാവിനു് സ്വയം വെളിപ്പെടുത്തുന്നു. തൽക്ഷണം ദൈവത്തിന്റെ തൃപ്പാദങ്ങളുടെ മുൻപാകെ സാഷ്ടാംഗനമസ്കാരം ചെയ്യുകയെന്നതാണ് ഇവളുടെ പ്രഥമ കൃത്യം. ഈ സ്വീകരണത്താൽ സംതൃപ്തനായ ഈശോ തന്നോടുകൂടെ സ്നേഹസല്ലാപം ചെയ്യുന്നതിന് ഇവളെ ഉയർത്തുന്നു. ഈ അവസരത്തിൽ എന്തെങ്കിലും ഒരു ദാനം സ്നേഹം ഇവൾക്കു് നൽകുന്നതിനാഗ്രഹിക്കുമ്പോൾ സ്നേഹത്തോടും, സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ തൽക്ഷണം അതു് സ്വീകരിക്കേണ്ടതു് ഈ ആത്മാവിന്റെ വേറൊരു കടമയാണ്. പ്രസ്തുതദാനം എത്ര അതിസ്വാഭാവികമായിരുന്നാലും ഇവൾ അതു് സ്വീകരിക്കണം. എന്തെന്നാൽ ഈ

ദാനം സ്നേഹം വൃഥാ ഇവർക്കു നൽകുന്നതുകൊണ്ടുമാത്രം ഇവർക്കു ഇതു് ലഭിക്കുന്നതാണു്. ഈ ദാനം ആർ ഇവർക്കു നൽകുന്നുവോ ആ ആൾതന്നെ ഇവളെ എളിമയിൽ കാത്തുരക്ഷിക്കുകയുംചെയ്യും. അടിസ്ഥാനം ശരിപ്പെടുത്തുന്നതിൽ സകലതും ആശ്രയിച്ചിരിക്കുന്നു. ഈ അടിസ്ഥാനമോ എന്നാൽ-എളിമ-എളിമ-അതേ നിരന്തരമായ എളിമയത്രെ. എളിമ കാണുമ്പോൾ ഞാൻ ദാനം നൽകുന്നു. കൂടുതലായി എളിമ പ്രദർശിപ്പിക്കുമ്പോൾ ഞാൻ കൂടുതൽദാനങ്ങൾ നൽകുന്നു. നിന്ദാപമാനം മാത്രം ആഗ്രഹിച്ചുകൊണ്ടു് എളിമയിൽ മാത്രം ജീവിക്കുന്ന ഒരാത്മാവു് കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ എന്നോടു ആകർഷിക്കുന്നു.

5. എന്നോടു വിശ്വസ്തതയോടെ വർത്തിക്കുന്ന ഒരാത്മാവിനെ ഞാൻ അവളുടെ അറിവുകൂടാതെയെങ്കിലും താഴെപറയുന്ന കാര്യങ്ങൾക്കായി കൂട്ടിക്കൊണ്ടുപോകുന്നു. (a) ഏകാന്തതയ്ക്കും സ്വയവിസ്മൃതിയ്ക്കുള്ള സീമാതീതമായ ആഗ്രഹത്തിനും; അധികാരികളെ ആശ്രയിക്കേണ്ട അവസരങ്ങളിൽ അവരുടെ വിലയേറിയ സമയത്തെ ഇവർ അപഹരിക്കുന്നു എന്ന കരുതി സ്വയം താഴ്ത്തുന്നതിനും. (b) സകലരുടേയും ശുശ്രൂഷി ആയിത്തീരുന്നതിനും, എല്ലായ്പോഴും കീഴ്പ്പെടുന്നതിനും സഹായസഹകരണങ്ങൾചെയ്തുകൊണ്ടു് സകലരേയും തൃപ്തിപ്പെടുത്തുന്നതിനും, അന്യർക്കു് ഉപകാരംചെയ്യുന്നതിനും സദാ ആശാനിഗ്രഹം ചെയ്തുകൊണ്ടു് അവരെ സഹായിക്കുന്നതിനും ഈ ആത്മാവിനെ ഞാൻ നയി

ക്കുന്നു. യഥാർത്ഥ സ്നേഹത്തിന്റെ ലക്ഷണങ്ങൾ ഇവയാകുന്നു. (c) കീഴ്വഴക്കത്തെ പ്രതിയല്ലാതെ ജീവിക്കുവാൻ സാധിക്കയില്ലെന്നു തോന്നത്തക്കവിധം അനുസരണത്തിന്മേലുള്ള വിശ്വാസം ദാഹവും ഞാൻ അവളിൽ ഉളവാക്കുന്നു. ഇതു് സ്നേഹത്തിന്റെ അതിവിശിഷ്ടമായ ഫലമത്രെ. കീഴ്വഴക്കം എളിമയുടെ സഹോദരിയാകുന്നു. (d) അവസാനമായി ഈശോയെ സ്നേഹിക്കുന്ന ഒരാത്മാവു് തന്നെപ്രതി അധ്വാനിക്കുന്നതിനും സഹിക്കുന്നതിനും തനിക്കു വേണ്ടി സ്വയം ബലിഅർപ്പിക്കുന്നതിനും വേണ്ടിയല്ലാതെ അതിനു ജീവിക്കുവാൻ നിവർത്തിയില്ലാതിരിക്കത്തക്കവണ്ണം അത്രയ്ക്കു വലുതായ പ്രത്യാശയുടെയും, അനുകരണത്തിന്റെയും അഗ്നിയെ ഞാൻ അവളിൽ പ്രോജ്വലിപ്പിക്കുന്നു. എരിയുന്ന ജ്വാലയുടെ ജീവൻ എണ്ണയായിരിക്കുന്നതുപോലെ ഈ ആത്മാവിന്റെ ജീവൻ ത്യാഗമാകുന്നു.

6. നിന്ദാപമാനത്തിന്റെയും ഉന്മൂലനാശത്തിന്റെയും അഗാധത്തിൽ ആണ്ടുകിടക്കുന്ന ഈ വിനീതാത്മാവിന്റെ ഏകാന്തതയിലേയ്ക്കു് ഞാൻ സ്നേഹപൂർവ്വം ഇറങ്ങി, അവളെ സമീപിച്ചു് അവളുമായി സ്നേഹസല്ലാപത്തിൽ ലയിക്കുകയും, സ്വർഗ്ഗീയ ആനന്ദം മുൻകൂട്ടി ആസ്വദിക്കുന്നതിനു് ഞാൻ അവളെ ഇടയാക്കുകയും ചെയ്യും. ഈ വിനീത ആത്മാവിനു് ഞാൻ വെളിപ്പെടുത്തിക്കൊടുത്തതു് ആർക്കു് ആവർത്തിക്കുവാൻ സാധിക്കും? സ്നേഹം സ്നേഹത്തിൽനിന്നും നൽകുന്ന പാഠങ്ങൾ ഇവയാകുന്നു. ഇവയെ ഗ്രഹിക്കുന്നതിനുള്ള ശക്തി വിനീതയായ ഒരാത്മാവിനു മാത്രമേ സ്നേഹം നൽകുന്നുള്ളൂ. ഈ ഉ

നാതസ്ഥിതിയിൽ ആത്മാവിനു് ഉണ്ടായിരിക്കേണ്ട ആന്തരികമായ ഒരുക്കം ഇവയാകുന്നു. a. ദൈവത്തോടു ഒന്നിച്ചുള്ള മനനം. b. നിരന്തരമായ ദൈവസേവനം. c. ദൈവം നൽകുന്നതു് കൃതജ്ഞതയോടെ സ്വീകരിക്കുവാനുള്ള മനസ്ഥിതി. ദൈവദാനങ്ങളെ തിരസ്കരിക്കുന്നതു് എളിമയല്ല. പ്രത്യുത അവയെ സ്വീകരിച്ചു് ദൈവനന്മയെ കീർത്തിക്കുകയും അതേസമയം ഇതു ഉന്നതമായ ദാനങ്ങൾക്കു് താൻ അയോഗ്യയെന്നുകരുതുന്നതും അതിൽ വിശ്വസിക്കുന്നതും യഥാർത്ഥമായ എളിമയാകുന്നു.

7. എന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ നയിച്ച അജ്ഞാതജീവിതത്തെ പ്രത്യേകവിധം അനുകരിക്കുന്നതിനാണു് വിശ്വസ്തതയും എളിമയും ഉള്ള ഒരാത്മാവിനെ അവളുടെ ദൈവൈക്യത്തിന്റെ ആരംഭത്തിൽ ഞാൻ ക്ഷണിക്കുന്നതു്. പ്രസ്തുത ആത്മാവു് ദൈവത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നതുമൂലം ദൈവം ഇവളെ വഹിക്കുകയും നന്മപ്രവൃത്തിക്കുവാൻ ഇവളെ വിനിയോഗിക്കുകയും ചെയ്യുന്നു. എന്നാൽ ഇവൾ ഇതൊന്നും ദർശിക്കാതെ അജ്ഞാതയായി ജീവിക്കുന്നു. ദൈവം നിവ്വഹിക്കുന്ന വലിയനന്മയുടെ ഒരു ഉപകരണം മാത്രമാണിവൾ. അതേ ഇവൾ വെറും അജ്ഞാതമായ ഒരു പകരണമാകുന്നു. ഇതാണു് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. ഇതു് മറ്റുള്ളവരോടു് ബാഹ്യമായി യാതൊരു ബന്ധവുമില്ലാതെ ജീവിക്കുന്ന ആന്തരികാത്മാക്കളുടെ സ്ഥിതിയാകുന്നു. ഇവരുടെ നന്മമുഴുവൻ ഉള്ളിലാകുന്നു. ഇതു് അയൽക്കാർക്കു ഉപകാരമുള്ളതും എന്നാൽ തികച്ചും അ

ജ്ഞാതമായ വ്യക്തിപരമായ വിശ്വാസിയാകുന്നു.

8. ആത്മാക്കളെ വിശിഷ്യ വൈദികരേയും ആത്മരക്ഷയിൽ ഇടപെട്ടിരിക്കുന്നവരേയും ഞാൻ വിളിക്കുന്നു വേറൊരു ജീവിതസ്ഥിതി നസ്രസിലെ എന്റെ അജ്ഞാതജീവിതത്തെ അനുകരിക്കുന്നതിനാകുന്നു. ഈ ജീവിതം എന്റെ അമ്മയുടെ ഉദരത്തിനകത്തുള്ള എന്റെ ജീവിതംപോലെ അത്ര അജ്ഞാതമല്ലെങ്കിലും അനുകരണത്തിനു് കൂടുതൽ വിഷമമുള്ള ഒന്നാണു്. ഈ ജീവിതത്തിൽ കുറെ സ്വാതന്ത്ര്യം ഉണ്ടെങ്കിലും സകലതും ദൈവത്തെ പ്രതി പ്രവൃത്തിക്കുന്നതിനും എല്ലാം എല്ലായിപ്പോഴും ദൈവത്തിങ്കലേക്കു് ആനയിക്കുന്നതിനും, നന്മ പ്രവൃത്തിക്കുമ്പോൾ ദൈവം നൽകുന്ന ആശ്വാസങ്ങളെ തന്നിൽനിന്നും സ്വീകരിക്കുന്നതിനും കൂടുതൽ ശ്രദ്ധ ആവശ്യമാണു്. ദൈവത്തെപ്രതിമാത്രം പ്രവർത്തിക്കുന്നതിനു് അജ്ഞാത ജീവിതം നയിക്കുന്ന ആത്മാക്കൾക്കു വളരെ എളുപ്പമുണ്ടു്. ഇക്കാരണത്താൽ ബാഹ്യപ്രവർത്തനങ്ങൾക്കു് ക്ഷണിക്കപ്പെടുന്നവർ കലങ്ങേണ്ട ആവശ്യം ഇല്ല. കാരണം ഇവർ ദൈവത്തിന്റെ ബാഹ്യഉപകരണങ്ങൾ മാത്രമെന്നും, ഇവരിൽ പ്രവർത്തിക്കുന്നതു ദൈവമാണെന്നും കരുതിയാൽമാത്രം മതി. കൂദാശകളിൽ ദൈവത്തിന്റെ കൃപാവരത്തിന്റെ നിഗ്രഹപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നതു് ബാഹ്യമായ ഒരു അടയാളമായിരിക്കുന്നതുപോലെ ആത്മാക്കൾ എളിമയുടെ അഗാധമായ ചിന്തകളിൽ മുഴുകി ജീവിക്കണമെന്നതെ എന്റെ അഭിലാഷം. മറവുള്ളവർക്കു് ഇവർ ചെയ്യുന്ന നന്മ ഇവരുടെ താഴ്മയുടേയും തങ്ങളിൽത്തന്നെ അ

ശേഷം ശരണപ്പെടാതെ ദൈവത്തിൽ ഇവർ വയ്ക്കുന്ന ശരണത്തിനേറയും തോതനുസരിച്ചായിരിക്കും.

9. ദിവ്യകാരുണ്യത്തിലുള്ള എന്റെ ജീവിതത്തെ അനുകരിക്കുന്നതിനായിരിക്കും ഞാൻ ചില ആത്മാക്കൾക്ക് പ്രത്യേകവിധ ദാനങ്ങൾ നൽകുന്നതു്. മരണത്തിന്റെ ജീവിതം നയിക്കാനാണ് ഞാൻ ഇവരെ പ്രേരിപ്പിക്കുന്നതു്. സ്നേഹത്തിന്റെ സേവനത്തെ മാത്രം നോക്കി കാണുന്നതിന് കണ്ണുകളും, സ്നേഹത്തെ വർദ്ധിപ്പിക്കുന്നതു മാത്രം കേൾക്കാൻ ചെവികളും, സ്നേഹത്തെപ്പറ്റി പറയുവാൻ വായും, സ്നേഹത്തിന്റെ ആഗ്രഹങ്ങൾക്കനുസരിച്ചു പ്രവൃത്തിക്കുവാൻ മാത്രം കൈയ്യും കാലും ശരീരവും ഹൃദയവും ഇവർക്കു് ഉണ്ടായിരിക്കട്ടെ. ഒരു ശിശു അതിന്റെ മാതാവിനെ ആശ്രയിക്കുന്നതുപോലെ സകലത്തിലും ഇവരും സ്നേഹത്തിൽ ആശ്രയിക്കട്ടെ. സ്നേഹത്തിനു തങ്ങളെത്തന്നെ ഒരു ബലിയായി അർപ്പിക്കുന്നതിനും, ഓരോ അർപ്പണത്തിലും സ്നേഹത്തിന്റെ സേവനത്തിനു നവജീവൻ പ്രാപിക്കുന്നതിനുമായിമാത്രം ജീവിക്കട്ടെ!

10. സ്നേഹം ആനന്ദമാകുന്നു, സ്നേഹം സമാധാനമാകുന്നു, സ്നേഹം വിശ്രാന്തമാകുന്നു, സ്നേഹം പ്രശാന്തതയാകുന്നു, സ്നേഹം വിശ്വസ്തതയാകുന്നു. ദിവ്യസ്നേഹം ഒരു ഹൃദയത്തെ അധീനപ്പെടുത്തുമ്പോൾ താഴെ വിവരിക്കുന്ന വിധത്തിലുള്ള ദാനങ്ങൾ അതിനു നൽകുന്നു. 1. ദൈവികസമാധാനം 2. അചഞ്ചലമായ ശരണം 3. ഉത്തമമായ വിശ്വസ്തത 4. പരിപൂർണ്ണമായ വിശ്രമം. അനന്തരം സ്നേഹം ഈ ഭാഗ്യപ്പെട്ട ആത്മാ

വിൽ സമാശ്വസിച്ചു് ഇവളെ തന്റെ ദൈവിക ദാനങ്ങളുടെ ആസ്ഥാനവും തന്റെ ഏറ്റവും വിലയേറിയ വരങ്ങളുടെ ഭണ്ഡാഗാരവുമാക്കിത്തീർക്കുന്നു.

പതിമൂന്നാം ഉപദേശം

"തതോപദേശവും സച്ചിന്തകളും"

1. സ്നേഹഭാജനമെ നീ ഏതെങ്കിലും തരത്തിൽ പീഡസഹിക്കാതിരിക്കുന്ന ഓരോ വിനാഴികയും നിനക്കു് നഷ്ടപ്പെട്ടുമെന്നു് കരുതി ആശാനീഗ്രഹത്തെ അത്രയ്ക്കു നീ വിലമതിക്കണം.

2. ഒരൊറ്റ സ്നേഹപ്രകരണം ആയിരം ദൈവദൂഷണങ്ങൾക്കു പരിഹാരംചെയ്യും.

3. തോട്ടത്തിൽ നില്ക്കുന്ന ചെടികൾ കാറുകൊണ്ടു് ആടുന്നതു് നീ കണ്ടിട്ടില്ലേ? അല്പമായി കാറടിക്കൊള്ളുമ്പോൾ അവ ആടിത്തുടങ്ങുകയും കാറുനിൽക്കുമ്പോൾ അവ പൂർവ്വസ്ഥിതി പ്രാപിക്കയും ചെയ്യുന്നു. ഇതുപോലെയത്രെ ഓരോ ആത്മാവിനോടും പരിശുദ്ധാത്മാവും പ്രവർത്തിക്കുന്നതു്. സചല്ല സമയത്തേയ്ക്കു് ശിഷ്ടാത്മാവു് അവളിൽ നിവേശിക്കുന്നു. പ്രസ്തുത ആത്മാവു് ഉടനടി അതിനു കീഴ്പ്പെട്ടശേഷം അവളുടെ പൂർവ്വജോലിയെ തുടർന്നു ചെയ്യുന്നു. ഈ വിധത്തിലുള്ള വിധേയത്വം പരിശുദ്ധാത്മാവിയെ തന്റെ സ്നേഹപ്ര

വത്തനങ്ങളെ അവളിൽ പൂത്തിയാക്കുന്നതിന് അ കഷ്ടിക്കുന്നു. ഒരാത്മാവിന്റെ വിശുദ്ധീകരണ ജോലിയിൽ നൂറിൽ തൊണ്ണൂറു ഒമ്പതേമുക്കാൽ ഭാഗവും പരിശുദ്ധാത്മാവുപിതന്നെ നിവ്വഹിക്കുന്നുണ്ട്. എന്നാൽ ശേഷിച്ചിരിക്കുന്ന കാൽഭാഗം പ്രസ്തുത ആത്മാവു് തന്നെ നിവ്വഹിക്കാതെ ഗത്യന്തരമില്ല.

4. പ്രസാദവരത്തിൽ പുനർജീവിപ്പിക്കുന്നതിനായും സ്നേഹം ഒരാത്മാവിൽ സ്വാഭാവികമരണം ഉളവാക്കുന്നു.

5. സ്നേഹത്തിന്റെ പ്രവത്തനങ്ങൾക്കു് ഒരാത്മാവിൽ തടസ്സമായിരിക്കുന്നതു ബലഹീനതയുടെ ഫലമായ തെറ്റും കുറ്റങ്ങളുമല്ല. പ്രത്യുത സ്വാത്മതല്പരാനേഷണവും സ്വാത്മസ്നേഹത്തിന്റെ വളഞ്ഞുപുളഞ്ഞുള്ള പ്രവത്തനവുമാകുന്നു.

6. ആത്മീയ വിശുദ്ധീകരണത്തിനു സകലതും ഉപകാരപ്പെടുത്താം. അപൂർണ്ണതകൾ മൈവകുരങ്ങളിൽ രത്നക്കല്ലുകൾക്കു് സമമാണു്. എന്തെന്നാൽ അപൂർണ്ണതയുടെ എണ്ണം അനുസരിച്ചു് എളിമപ്രകരണങ്ങൾ വർദ്ധിപ്പിക്കുവാൻ ഞാൻ ആത്മാവിനെ പ്രേരിപ്പിക്കുന്നു. ഒരാത്മാവു് എന്റെ സ്നേഹത്തിനു് സ്വയം വിധേയയാകുമെങ്കിൽ ക്ഷണനേരംകൊണ്ടു് അവളുടെ അപൂർണ്ണതകൾ കുറഞ്ഞുപോകും. വീട്ടുപണിയുന്നവർ യാതൊന്നിനും കൊള്ളരുതാത്ത സാധനങ്ങളായികരുതി തള്ളിയ മുറിക്കല്ലുകളും തടിക്കഷണങ്ങളും വീട്ടുപണിയുന്നതിനുള്ള ഉപകരണങ്ങളായി രൂപാന്തരപ്പെടുത്തുവാൻ അവക്കു് സാധിക്കുമെങ്കിൽ അവരെ നാം എത്രയോ ഭാഗ്യവാന്മാരായി കരുതും. ഇതേവിധം

ഒരാത്മാവിന്റെ പ്രമാദങ്ങളും എത്ര വലിയതും, ലജ്ജാവഹങ്ങളും ആയിരുന്നാലും അവൾ ഹൃദയപൂർവ്വം എളിമപ്പെട്ടാൽ മേൽപ്രസ്താവിച്ചവയെല്ലാം അവളുടെ പുണ്യപൂർണ്ണതാസൗധത്തിന്റെ അടിസ്ഥാനക്കല്ലുകളായിത്തീരുന്നു.

7. വിശുദ്ധിയുടെ രഹസ്യം മുഴുവനും ആശ്രയം നിരാശ്രയം എന്ന രണ്ടു വാക്കുകളിൽ അടങ്ങിയിരിക്കുന്നു. നീ നിന്നിൽ നിന്റെ ആശ്രയം വയ്ക്കരുതു"! എന്നാൽ അവിടെ നീ നില്ക്കാതെ നിന്റെ നല്ല ദൈവത്തിൽ ആശ്രയിക്കുന്നതിനായി അവിടെനിന്നു് നിന്റെ ദൃഷ്ടികളെ ഉയർത്തുക. നീ ഒരു സംഗതി മനസ്സിലാക്കുക. അതായതു് ഞാൻ എല്ലാവർക്കും നന്മചെയ്യുന്നതിനാഗ്രഹിക്കുമ്പോഴും എന്നിൽ ശരണപ്പെടുന്നവരെ ഞാൻ ഉപേക്ഷിക്കുകയില്ലെന്നു".

8. 'നിന്നിൽ ഞാൻ ശരണപ്പെടുന്നു' എന്ന ഏകസുകൃതജപത്തിനുപോലും എന്നെ വശീകരിക്കുവാൻ സാധിക്കും. എന്തെന്നാൽ ഈ ചെറുജപത്തിൽ വിശ്വാസം, ശരണം, സ്നേഹം, എളിമ എന്നിവ അന്തർഭവിച്ചിരിക്കുന്നു.

9. പറന്നുകൊണ്ടിരിക്കുന്ന പക്ഷികൾ ഭൂമിയെ സമീപിച്ചാലും അതിനെ സ്പർശിക്കാത്തതുപോലെ സ്നേഹത്തിൽ ജീവിക്കുന്ന ഒരാത്മാവു് ഈ ലോകത്തിൽക്കൂടെ കടന്നുപോയാലും അതിനെ സ്പർശിക്കുകയില്ല.

10. ആത്മാവിനേറെയോ ശരീരത്തിനേറെയോ സഹനത്തിൽ എന്നതിനേക്കാൾ പരിപൂർണ്ണമായ

ഒരൈക്യം ഒരാത്മാവിനോട് എനിക്കുണ്ടാകുവാനില്ല. എന്തുകൊണ്ടെന്നാൽ സഹനത്തിൽ കൂട്ടുതൽ സ്നേഹം ഉണ്ടു്. എവിടെ കൂട്ടുതൽ സ്നേഹം ഉണ്ടോ അവിടെ കൂട്ടുതലായ ഐക്യവുമുണ്ടു്. കുരിശിനു പുറമെ എന്നെ അനേഷിക്കുന്ന ആത്മാവിനു് എന്നെ കണ്ടെത്തുവാൻ സാദ്ധ്യമാണു്. എന്നാൽ പ്രമാദരഹിതമായി എന്നെ കണ്ടെത്തുന്നതു് കുരിശിലും എളിമയിലും കീഴ്വഴക്കത്തിലും പരിത്യാഗത്തിലുമാകുന്നു. എന്നാൽ സ്വത്തും അടക്കിക്കൊള്ളുന്നതു് ഉപവിയാകുന്നു.

11. സാക്ഷാൽ എളിമയുള്ള ഒരാത്മാവു് എന്റെ ഹൃദയത്തിന്റെ സ്നേഹഭാജനമാകുന്നു. ഇവർ ദൈവകരങ്ങളിൽ സമാശ്വസിക്കുന്നു. സ്നേഹത്തിന്റെ ദൈവം ചുംബനങ്ങളും ആലിംഗനങ്ങളും ഇവർക്കു് വളരെ അധികം നൽകുന്നു. ക്ഷീണമെന്തെന്നറിയാതെ ഇവർ വളരെയധികം പുരോഗമിക്കുന്നു. ഇവർക്കു് നിദ്രചെയ്യുന്നതിനോ, ഭക്ഷിക്കുന്നതിനോ, പാനംചെയ്യുന്നതിനോ ദൈവകരങ്ങളിൽനിന്നും ഇറങ്ങേണ്ട ആവശ്യം ഇല്ല. ഇവർ സമസ്തവും ദൈവത്തിൽ കണ്ടെത്തുന്നു. കീഴ്പ്പഴക്കമുള്ള ആത്മാവിനെ വഹിക്കുന്ന വാഹനം ദൈവമാകുന്നു. ഇവളുടെ വാഹനം ദൈവം എങ്കിൽ, ദൈവം ഇവളിൽനിന്നും വിശ്വസ്തത പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദൈവം ആശ്വാസം കണ്ടെത്തുന്ന ഇവളിൽ അവിടുന്നു് വിശ്രമിക്കുന്നു.

12. വിശുദ്ധിയുടെ ഉരകല്ലു് ആശാനിഗ്രഹവും, അതിന്റെ നാശം സുഖസൗകര്യങ്ങളുടെ പുറകെയുള്ള അനേഷണവുമാകുന്നു.

13. അഗ്നി ചൂടുനൽകുന്നില്ലേ! ഇപ്രകാരം തന്നെ ദൈവസ്നേഹസമ്പൂർണ്ണമായ ഒരാത്മാവു് അവശം അറിയാതെതന്നെ അന്യരേയും കത്തിജ്വലിപ്പിക്കുന്നു. ഇവശം അറിവുകൂടാതെ ആകഷ്ടിക്കുന്ന ഒരു കാന്തംപോലെയാകുന്നു.

14. എന്റെ പ്രിയ ഭാജനമെ, നീ നിന്റെ പ്രമാണത്തെ വിശ്വസ്തതയോടെ അനുസരിക്കുക. എന്നാൽ നീ ക്ലേശചെയ്യപ്പെട്ട ഓസ്തി പോലെ ആകും. പ്രമാണം നിന്നെ ബലികഴിക്കുന്നു. ആകയാൽ നീ ബലിക്കുള്ള ഓസ്തിയായിത്തീരുന്നു. ക്ലേശചെയ്യുന്ന പട്ടക്കാരൻ സ്നേഹത്തോടെ അതു നിവ്വഹിക്കേണ്ടതാണു്. അതുപോലെ പ്രമാണം സ്നേഹത്തോടെ അനുസരിക്കപ്പെടുമ്പോശം സ്നേഹം പ്രമാണം വഴി നിന്നെ ക്ലേശചെയ്തെടുക്കുന്നു.

15. പരിശുദ്ധായ ഒരാത്മാവു് മധുസമ്പൂർണ്ണമായ ഒരു പുഷ്പത്തിനു സമമാണു്. ഇതിന്റെ സൗരഭ്യംമൂലം ഈശോ ഇവളിലേയ്ക്കു അടുക്കുകയും ഒരു മൗതിക തേനീച്ചയെപ്പോലെ സ്നേഹമാകുന്ന തേൻ ശേഖരിക്കുന്നതിനായി അവിടുന്നു് വിശ്രമിക്കുകയും ചെയ്യുന്നു.

16. വിശ്വസ്തത - വിനയം- അനുസരണം ആശാനിഗ്രഹം ഈ ഗുണങ്ങശം ഉള്ള ഒരാത്മാവിനെ സ്നേഹം കണ്ടെത്തുമ്പോശം സ്നേഹം അവളെ സ്വായത്തമാക്കുന്നു. അനന്തരം സ്നേഹത്തിന്റെ നിവേശങ്ങളെ ഇവശം വിശ്വസ്തതയോടെ അനുഗമിക്കുമെങ്കിൽ സ്നേഹം ഇവളെ ഉന്നതപരിപൂർണ്ണതയിലേയ്ക്കു് ആനയിക്കും.

17. സ്വസ്ഥാനത്തുനിന്നിളകാത്ത സൗരഭ്യമുള്ള ഒരു ലില്ലിപുഷ്പം സദൃശ്യമാണ് ആന്തരികജീവിതം നയിക്കുന്ന ഒരാത്മാവ്. ലില്ലി അന്തരീക്ഷത്തെ മുഴുവനും പരിമളപ്പെടുത്തുന്നു. ഇതുപോലെ ആന്തരികജീവിതം നയിക്കുന്ന ഈ ആത്മാവും സ്വസ്ഥാനത്തുനിന്ന് മാറുന്നില്ലെങ്കിലും ഇവളുടെ ചുറ്റും ദൈവികസൗരഭ്യം വീശിക്കൊണ്ടിരിക്കുന്നു.

18. ദൈവത്തോടുള്ള സായുജ്യജീവിതം പൂർണ്ണതയുടെ ഒരു മുന്നോടി മാത്രമാകുന്നു. അതു ലോകത്തിലുള്ള ഏക സ്വർഗ്ഗമാണ്. ഇതുതന്നെ ആന്തരികജീവിതം നയിക്കുന്ന ആത്മാവും അനുഭവിക്കുന്നു.

19. ഒരാത്മാവ് ഹൃദയപരിശുദ്ധതയെ എത്ര കൂടുതൽ സ്നേഹിക്കുന്നുവോ അത്രയ്ക്കു നന്നായി അവൾ ദൈവത്തോടുള്ള സഹവാസത്തിന് യോഗ്യയായിത്തീരുന്നു. ഒരു തള്ള അവളുടെ ശിശുവിനോട് എപ്രകാരം വർത്തിക്കുന്നുവോ അതേ വിധംതന്നെ ഹൃദയപരിശുദ്ധിയുള്ള ആത്മാക്കളോടു ദൈവവും വർത്തിക്കുന്നു.

20. ഹൃദയപരിശുദ്ധത- ഹൃദയ എളിമ- സൃഷ്ടികളിൽനിന്നുള്ള അകൽച്ച-എന്നീ സുകൃതങ്ങൾ സമ്പാദിച്ചിട്ടുള്ള ഒരാത്മാവ് സമസ്തവും, എന്നാൽ പ്രത്യേകമായവിധത്തിൽ സ്വയം ദൈവത്തിനു കാഴ്ചവെയ്ക്കുന്നു. ഏറ്റവും സൗഹൃദയവും, സ്നേഹനിർഭരവുമായ ഒരു ദാനംവഴിയായി ദൈവം തന്നെത്തന്നെ ഒരാത്മാവിന് നൽകുന്നതിന് ഇവളിൽനിന്ന് ആവശ്യപ്പെടുന്നതു മേൽപ്രസ്താവിച്ച ഗുണങ്ങളത്രെ.

21. എത്രയും വേഗത്തിൽ അന്തരംഗജീവിതം അഭ്യസിക്കണമെന്നാഗ്രഹിക്കുകയും, ഈ നിക്ഷേപത്തെ സംരക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനാഗ്രഹിക്കുകയും ചെയ്യുന്നവെങ്കിൽ താഴെ പറയുന്ന സംഗതികളിൽ ശ്രദ്ധപതിക്കണം. a. മൗനം. b. നിരന്തരമായ ആശാനിഗ്രഹം. c. വെള്ളത്തിനു മീതെ ഒഴുകുന്ന ഒരു റോസപ്പൂവിന്റെ ഇതൾപോലെ സ്നേഹത്തിന്റെ ആധിപത്യത്തിനു തന്നെത്തന്നെ പരിപൂർണ്ണമായി കയ്യാളിക്കണം. d. സ്വയം ദൈവത്തിനു് സമർപ്പിച്ച്, തന്നെ അനുഭവിച്ച്, താൻ പറയുന്നതു് ശ്രദ്ധിച്ച് തന്നോടു് സംഭാഷിക്കുന്നതിനു് ഇവളുടെ ഹൃദയമാകുന്ന വിശുദ്ധ സ്ഥലത്തു് ഇവളാൽ കഴിവുള്ളിടത്തോളം രഹസ്യമായി ഇവളെവച്ചു സൂക്ഷിക്കണം.

22. സദാ ദൈവതിരുമനസ്സു് നിറവേറുന്ന ഒരാത്മാവു് ദൈവമനസ്സുമാത്രം നിറവേറുകയല്ല പ്രത്യുത അവിടുത്തെ സകല അഭിലാഷങ്ങളെപ്പോലും പൂർത്തിയാക്കുന്നു. പ്രസ്തുത ആത്മാവു് സദാ പ്രാർത്ഥനയിൽ സമയം ചിലവഴിക്കാതെ ഇങ്ങനെ വർത്തിക്കുക സാദ്ധ്യമല്ല.

23. നിരന്തരം ഈശോയെ സന്തോഷിപ്പിക്കുന്നതിനാഗ്രഹിക്കുന്നവർ ശാന്തിയുടേയും സമാധാനത്തിന്റെയും ശരണത്തിന്റെയും അരുപിയിൽ വസിക്കണം. യാതൊന്നിനെക്കുറിച്ചും യാതൊരു ആകുലചിന്തയും ഉണ്ടാകരുതു്. ക്രമാതീതമായ ഉൽക്കണ്ഠയുളവാകുമ്പോൾ-അടുപ്പിനുമീതെയുള്ള അടച്ചുവച്ചിരിക്കുന്ന പാത്രത്തിൽനിന്നും തിളച്ചുവരുന്ന വെള്ളം പുറത്തേയ്ക്കു പോകാതിരിക്കുന്നതിനുവേ

ണ്ടി ഒരാഥം അതിന്റെ മൂടിക സ്വല്പസമയത്തേ
യ്ക്കു എടുത്തു മാറ്റുന്നതുപോലെ-ഇവരും സ്വല്പസ
മയം സമാധാനത്തിൽ നില്ക്കുക. ഇതു് ഒരു സ്നേ
ഹപ്രകരണം ചെയ്യുന്നതിനുള്ള സമയം ആയാലും
മതി.

24. നിഷ്കളങ്കയായ ഒരാത്മാവു് ഒരു ലി
ല്ലിപ്പൂഷ്പത്തിനു സമമാണു്. സ്നേഹത്തോടു് വിശ
സ്തയായി വർത്തിക്കുന്ന ഒരാത്മാവിനു് എന്നും ഓ
രോ തിരുനാഥംപോലെയാണു്.

25. ഈശോയെ സമീപിക്കുന്നതിനുള്ള
ഏറ്റവും ചെറിയമാർഗ്ഗം ബലിയത്രെ. അതിവേ
ഗം പരിപൂർണ്ണതയിൽച്ചെന്നെത്തുന്നതിനു് സ്നേഹ
ത്തിനു തന്നെത്തന്നെ ഇപ്രകാരം കയ്യാളിക്കുന്ന ആ
ത്മാവിനെ ദൈവം പരിത്യാഗമാകുന്ന കുരുക്കുവഴി
മൂലമത്രെ കൈവശപ്പെടുത്തുന്നതു്.

26. എളിമ അഭ്യസിക്കേണ്ട അവസരങ്ങ
ളെ ചിലർ നഷ്ടപ്പെടുത്തുന്നു. എളിമ എത്രയോ
വലിയ ഒരു നിക്ഷേപമെന്നു് ഇവർക്കു അറിവില്ലാ
ഞ്ഞിട്ടത്രെ ഇവർ ഇപ്രകാരം ചെയ്യുന്നതു്. എളി
മയുടെ അന്തരീക്ഷത്തിൽ വസിക്കുന്ന ഒരാത്മാവി
നെക്കാണുവാൻ ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു.
എളിമയിൽ മുഴുകിയിരിക്കുന്നൊരാത്മാവിൽ ഞാൻ
എന്റെ ആനന്ദം കണ്ടെത്തുന്നു. നേരെമറിച്ചു്
ചില അവസരങ്ങളിൽമാത്രം എളിമപ്പെടുന്നവർ
അവരെ ആ സമയത്തേയ്ക്കുമാത്രം നോക്കി പുഞ്ചി
രി തൂകുവാനെ അവർ എനിക്കവസരം നൽകുന്നു
ള്ളൂ. ഇക്കൂട്ടർ സഹജമായ എളിമയുള്ളവരെ
പ്പോലെ എന്റെ പ്രീതിയെ ആകഷ്ടിക്കുന്നില്ല.

27. സന്മനസ്സോടെ സഹിക്കുന്ന എല്ലാ വേദനകളും സങ്കടങ്ങളും ദൈവത്തിനു ബാഹ്യമായവിധത്തിൽ വളരെ അധികം സ്തുതിയെ വർദ്ധിപ്പിക്കുന്നു.

28. സ്നേഹത്തിന്റെ വഴിയിൽ പുരോഗമനം ചെയ്യുന്നവരുടെ എണ്ണം തുലോം തുഛമായിരിക്കുന്നതിന്റെ കാരണം എന്താണു്? വിശാലഹൃദയത്തോടെ പരിത്യാഗത്തിന്റെ മാർഗ്ഗേണ പ്രവേശിക്കുന്നവരുടെ സംഖ്യ തുലോം തുഛമായിരിക്കുന്നതുകൊണ്ടുതന്നെ. എത്രമാത്രം സ്നേഹത്തിൽ പുരോഗമനം ചെയ്യുമോ അത്രയ്ക്കു ആത്മാവു് പരിത്യാഗത്തിന്റെ വഴിയിൽക്കൂടെ നടക്കുന്നു. പരിത്യാഗത്തിൽ സ്ഥിരതയുണ്ടെങ്കിൽ സ്നേഹത്തിലും സ്ഥിരതയുണ്ടു്. പരിത്യാഗത്തിൽനിന്നും വ്യതിചലിച്ചാൽ സ്നേഹത്തിൽനിന്നും വ്യതിചലിക്കുന്നു. തൽഫലമായി പുണ്യാഭിവൃദ്ധിയും ഇല്ലാതാകുന്നു. വീരാത്മാക്കൾ പരിത്യാഗത്തിനുള്ള അവസരങ്ങളെ മുൻകൂട്ടി ദർശിക്കുമ്പോൾ അതുവഴി ദൈവത്തിനു് സ്തുതി വർദ്ധിപ്പിക്കാമല്ലോ എന്നോർത്തു് ആനന്ദം അനുഭവിക്കുകയും ആ വിനാഴികമുതൽ സ്വഭാവത്തിനു ഇഷ്ടമില്ലാത്ത സംഗതി പ്രവർത്തിക്കുന്നതിനുമുമ്പുതന്നെ ഇവർ സ്നേഹത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ തുടങ്ങുന്നു.

29. എന്റെ സ്നേഹഭാജനമെ സമാധാനം, മനോശരണം, സ്നേഹം, ആത്മസമർപ്പണം ഇവനാലും പരിപൂർണ്ണതയെന്ന രഥത്തിന്റെ നാലു ചക്രങ്ങൾപോലെയാണു്. ഒരു ചക്രത്തിന്റെ അഭാവത്തിൽ വണ്ടി ഇഴയുന്നു. സമാധാനംമൂലം നീ

എന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു. മന:ശ്ശുദ്ധീകരണംമൂലം നീ അവിടെ വസിക്കുന്നു. സ്നേഹം മൂലം അവിടെ നീ ഭരണം നടത്തുന്നു. ആത്മസമർപ്പണം മൂലം നീ അവിടെ സമാശ്വസിക്കുന്നു.

30. ബാഹ്യമായ ഒരപ്പസ്തോലികവൃത്തിയേക്കാൾ ശ്രേഷ്ഠമായ ഒരപ്പസ്തോലികതപം ആന്തരികജീവിതം നയിക്കുന്ന ഒരാത്മാവ് ദൈവത്തോടുള്ള ഐക്യംമൂലം അനുഷ്ഠിക്കുന്നു. വിശ്വസ്തയായ ഈ ആത്മാവ് ഇവളുടെ അഹങ്കാരമാകുന്ന ഉയർന്ന പർവ്വതത്തിൽനിന്നും ഇല്ലായ്മയാകുന്ന അഗാധത്തിലേയ്ക്കിറങ്ങണം. ഇവിടെനിന്നുവേണം പുണ്യപൂർണ്ണതയുടെ ഉയരത്തിലേയ്ക്ക് ഇവൾ കയറുവാൻ. ഒരു റബർ പന്ത് എത്ര ശക്തിയായി നിലത്തേയ്ക്ക് എറിയുമോ അത്രയ്ക്ക് അധികം അത് ഉയരുന്നതുപോലെ എത്രമാത്രം ഒരാത്മാവ് സ്വയം താഴ്ത്തുമോ അത്രയ്ക്ക് അവൾ പുണ്യപരിപൂർണ്ണതയുടെ ഉച്ചിയിലേയ്ക്ക് കയറുന്നതിനു കൂടുതൽ യോഗ്യതയുള്ളവളായിത്തീരുന്നു.

31. ആന്തരികാത്മാവ് ഒരു ആദ്ധ്യാത്മികതേനീച്ചയ്ക്ക് സമമാണ്. സ്വഹൃദയത്തിൽ ആദ്ധ്യാത്മികമധു വാറിയെടുക്കുന്ന ഒരാത്മാവ് ഈശോയിക്ക് ആനന്ദം നല്കുന്നു. പരിശുദ്ധത്രിത്വം ഇവളിൽ വാസംഉറപ്പിച്ച് തന്റെ ആനന്ദം അവളിൽ കണ്ടെത്തുകയും ഇവളെ സന്തോഷാനന്ദത്തിൽ ആറാടിക്കുകയും ചെയ്യുന്നു. ഈ ആത്മാവ് സ്വർഗ്ഗീയഅന്തരീക്ഷത്തിൽ വസിക്കുന്നു. വെട്ടിയെടുക്കുന്നില്ലെങ്കിൽ ഭൂമിയിൽനിന്നും വളർന്നുവന്ന ഒരു പുഷ്പം ഭൂമിയെ സ്പർശിക്കാതെ ഇടവിതാനത്തിൽ

നിന്നു വിലസുന്നതുപോലെ ആന്തരികജീവിതം കഴിക്കുന്ന ഒരാത്മാവു് ഇഷ്ടപ്രസാദത്തോടു് വിശ്വസ്തയെങ്കിൽ അവൾ ഇഹലോകത്തിലെങ്കിലും അതിനെ സ്പൃശിക്കാതെ ജീവിക്കും.

32. ഒരു ചെടിയുടെ വളച്ചു്യ്ക്കു് അതിനു ചുറ്റുമുള്ള കളകൾ പറിച്ചുകളയാതെ നിവർത്തിയില്ലല്ലോ? ഇതേവിധം ദൈവസ്നേഹം നിന്റെ ഹൃദയത്തിൽ വളരുന്നതിനു് അവിടെനിന്നും സ്വാർത്ഥസ്നേഹം പിഴുതുകളയണം.

33. ചമ്മട്ടിയും മുള്ളുരഞ്ഞാണവും കൊണ്ടു് പുണ്യജീവിതത്തിനൊരുക്കുന്നതിനേക്കാൾ നന്നു് നിനക്കു ഞാൻ തരുന്ന പ്രസാദവരത്തെ വിശ്വസ്തതയോടെ ഫലിപ്പിക്കുന്നതാണു്. നീ ഇപ്രകാരം വർത്തിക്കുന്നതായാൽ ഞാൻ നിനക്കുതരുന്ന പുണ്യാഭ്യസനത്തിനുള്ള അവസരത്തെ നീ നഷ്ടപ്പെടുത്തുകയില്ല.

34. ഉയർന്സ്ഥലത്തുനിന്നു് താഴത്തേയ്ക്കു എറിയുന്ന ഒരു കല്ലിനെ യാതൊന്നും തടഞ്ഞുനിർത്തിയില്ലെങ്കിൽ അതു് നിലത്തുവീഴുന്നതുപോലെ, സ്വാർത്ഥം വെടിഞ്ഞ ഒരാത്മാവിനു് ദൈവം ഒരു പ്രേരണ നല്കുമ്പോൾ സ്വമനസ്സാലെ അതിനോടു് എതിർത്തില്ലെങ്കിൽ പ്രസ്തുതാത്മാവു് പുണ്യത്തിൽ പുരോഗമനം ചെയ്യുന്നു: ഈ തരത്തിൽപ്പെട്ടവർ മാത്രമെ എളിമപ്പെടുന്നതിനു് ആഗ്രഹിക്കുകയൊള്ളു. ഈ കാരണത്താൽ ദൈവം അവളോടു് ഐക്യപ്പെടുന്നതിനു് മനസ്സാകുന്നു. ഓ! ഭാഗ്യപ്പെട്ട ആത്മാവെ! നീ സ്വർഗ്ഗത്തിന്റെ പടിക്കൽ എത്തിയിരിക്കുന്നു. നീ വിശ്രമം കണ്ടെത്തിയിരി

ക്കുന്നു. നീ ദൈവത്തിന്റെ കൂടെയാണു് വസിക്കുക്കുന്നതു്. പ്രകാശിച്ചുനില്ക്കുന്ന സൂര്യന്റെ പ്രകാശം മങ്ങിപ്പിക്കുന്നതു് കാർമേഘങ്ങളാണു്. ഇതേവിധം ദൈവം നിഗളികളിൽനിന്നും സ്നേഹാഗ്നിയുടെ പ്രകാശം മറച്ചുകളയുന്നു. എളിമയുള്ളവർ "ദൈവസ്നേഹമാകുന്നു" എന്നു് പ്രതിബിംബിക്കുന്ന മുഖകണ്ണാടിക്കു തുല്യമാകുന്നു. ഇവക്കു ദൈവത്തിന്റെ സന്നിധിയിൽ വളരെ സ്വാധീനശക്തിയുണ്ടു്. അയിരം കൊടുംപാപികൾ എന്റെ നീതിയെ ആയുധം ധരിപ്പിക്കുന്നതിനു് ചെയ്യുന്ന ശക്തിയേക്കാൾ കൂടുതൽ ശക്തിയായി എളിമയുള്ള ഒരാത്മാവു് അതിനെ നിരായുധീകരിക്കുന്നതിനു് എന്നെ പ്രേരിപ്പിക്കുന്നു.

35. ഒരു തിരുവോസ്തിയെ പല കഷണങ്ങളായി മുറിച്ചാലും ഓരോന്നിലും എന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടായിരിക്കും. ഇതേവിധം വി. ഗ്രന്ഥത്തിലെ ഓരോവാക്യവും പലധ്യാനങ്ങൾക്കു പറഞ്ഞിയവയാണു്. ആകയാൽ ഒരു വാക്യമെടുത്തു് വിഭജിച്ചു് അതിലെ സകല ബോധനങ്ങളും പൂർത്തിയായി ഗ്രഹിക്കാതെ വേറൊന്നിലേയ്ക്കു് കടക്കരുതു്! ഇതു് ഒരു ആദ്ധ്യാത്മികദാരിദ്ര്യമാണു്. ദരിദ്രർ പല വിഭവങ്ങൾ അനുഭവിക്കാതെ ഒരുതരം ഭക്ഷണംതന്നെ അനുദിനം അനുഭവിക്കുന്നു. ഒടുവിലത്തെ വിധിദിവസത്തിൽ എത്രമാത്രം വായിച്ചുവെന്നല്ല പ്രത്യുത അവരുടെ വായനയിൽനിന്നു് എന്തു ഫലംഎടുത്തു എന്നുമാത്രമേ ചോദ്യമുണ്ടാകയുള്ളൂ.

36. ദൈവസാന്നിദ്ധ്യം അനുഭവിക്കുന്ന ഒരാത്മാവു് മാലാഖമാരുടെ കരങ്ങളാലല്ല പ്രത്യുത

ദൈവത്തിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെട്ട ശ്രുതി മാധുര്യമുള്ള ഒരു വീണപോലെയാകുന്നു.

37. തേനീച്ചകൾ വൃത്തിഹീനമായ സ്ഥലത്തിരിക്കാതെ സുഗന്ധമുള്ള പുഷ്പങ്ങളിൽ മാറിമാറിയിരിക്കുന്നു. ഈച്ചകളുടെ പ്രവൃത്തി നേരെ മറിച്ചുമാണ്. ഇതേവിധം ആത്മാക്കളും പെരുമാറുന്നു. ഒരുകൂട്ടർ ദൈവികകാര്യങ്ങളിൽ ആനന്ദം കണ്ടെത്തുമ്പോൾ മറേറകൂട്ടർ ലൗകികകാര്യങ്ങളിൽ ഇടപെട്ട് സന്തോഷം അനുഭവിക്കുന്നു.

38. കണ്ണാകൊണ്ടു ഒരുതുള്ളിവെള്ളത്തെ നോക്കിയാൽ ഒരുതുള്ളി വെള്ളം മാത്രമേകാണുകയുള്ളൂ. ഇന്നാൽ ഒരു ഭൂതക്കണ്ണാടിയുടെ സഹായത്താൽ വീണ്ടും അതിനെ നോക്കിയാൽ ആ ഒരുതുള്ളി വെള്ളവും മുമ്പു അതിൽ കാണാതിരുന്ന വേറെ പല സാധനങ്ങളുംകൂടെ കാണുവാൻ സാധിക്കും. 'എളിമ' ഒരു ഭൂതക്കണ്ണാടിക്കു സമമാണ്. ഇതു് ഉണ്ടെങ്കിൽ തന്നിലുള്ള പല തെറ്റുകളും കണ്ടുപിടിക്കും. എളിമവർദ്ധിക്കുന്തോറും കണ്ണുകളുടെ കാഴ്ച്ച വർദ്ധിച്ചുവരും. ഓ! പ്രിയഭാജനമെ! ഇതു് സപ്പല്പം വിഷമമുള്ള ഒരു സംഗതിയാണ്. എന്നാൽ സപ്രയത്നം രമണീയമാണ്. അതു കരസ്ഥമാക്കേണ്ടതുമാണ്. ബാഹ്യമായോ ആഭ്യന്തരികമായോ എളിമയെ നിഷേധിക്കാത്തവർ എന്റെ ഹൃദയത്തെ വളരെയധികം ആനന്ദിപ്പിക്കുന്നു.

39. ഒരു വിത്തിനു് സംസാരശക്തിയുണ്ടായിരുന്നുവെങ്കിൽ തീച്ചയായും അതു് ഒരാനുകൂല്യമായി ചോദിക്കുന്നതു് മുളച്ചുയരുന്നതിനായി അതിനെ ഭൂമിയിൽ കുഴിച്ചിട്ടു് മണ്ണുകൊണ്ടു് മൂടണമെ

ന്നായിരിക്കുമല്ലൊ. ഇപ്രകാരം ആശാനിഗ്രഹം. സ്വയനിന്ദനം, ദൈവൈക്യം എന്നിവകളുടെ വില എന്തെന്നു് ഒരാത്മാവിനു അറിവുലഭിച്ചാൽ ഈ സംഗതികൾക്കു വേണ്ടി മാത്രമേ ഇവർ പിന്നീടു് അതിയായി ദാഹിക്കുകയുള്ളു. ദൈവത്തിൽ ലയിക്കുക എന്നതു് തീച്ച്യായി എല്ലാവരും ഇഷ്ടപ്പെടുന്ന ഒന്നാണു്. എന്നാൽ ആയതു് പ്രാപിക്കുന്നതിനായി മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഉപയോഗിക്കണം. ഇതിനു് വിലങ്ങുതടിയായി കിടക്കുന്ന സ്വാർത്ഥത്തോടു് ഒട്ടിപ്പിടിച്ചാൽ പ്രസ്തുത ആത്മാവു് ഒരിക്കലും ഉന്നതനിലയെ പൂർണ്ണമായി പ്രാപിക്കുകയില്ല.

40. സന്യസ്താത്മാക്കൾ എന്റെ വിശ്രുദ്ധസ്ഥലമാകുന്നു. എന്തെന്നാൽ സന്ന്യാസവ്രതങ്ങൾ വഴി അവർ ദൈവത്തിനു് അവരെ പ്രതിഷ്ഠിക്കുന്നു. എന്നാൽ ഒരിക്കൽമാത്രം ഇതുചെയ്യ എന്നോർത്തു തൃപ്തിപ്പെടാതെ സ്നേഹപൂർവ്വം ഈ അനുഷ്ഠാനത്തെ എല്ലാകൊല്ലവും എല്ലാമാസവും എല്ലാദിവസവും എല്ലാമണിക്കൂറിലും എല്ലാസെക്കണ്ടിലും നവീകരിച്ചുകൊണ്ടു് ജീവിച്ചുതീർക്കണം. (പ്രമാണം അനുസരിച്ച വ്രതം അനുഷ്ഠിച്ചിരിക്കുന്നതിനാൽ വിശ്വസ്ഥതാപൂർവ്വം പ്രമാണങ്ങൾ അനുസരിക്കുമ്പോൾ വ്രതവും നവീകരിച്ചുകൊണ്ടതെ ജീവിക്കുന്നതു്.)

41. നിത്യമായി നിലനില്ക്കുന്ന ഒരു സ്നേഹചിന്ത ഒരാത്മാവിനു് ഒരു സെക്കണ്ടു് സമയംകൊണ്ടു് ഉളവാക്കാവുന്നതാണു്.

42. നിത്യജീവന്റെ ഫലങ്ങൾ ആശാനിഗ്രഹം അഭ്യസിച്ചിട്ടുള്ള ഒരാത്മാവു് സംവഹിക്കുന്നു.

43. പ്രാർത്ഥനമൂലം ഒരാത്മാവു് സ്വർഗ്ഗീയസൗരഭ്യം കരസ്ഥമാക്കുന്നു. അനന്തരം അവൾ പുറത്തേയ്ക്കു വരുമ്പോൾ അവൾ അറിയാതെതന്നെ അതിൽ നിമഗ്നയായി അവൾ പോകുന്ന വഴിയിലെല്ലാം അതിന്റെ പരിമളം പരത്തുകയും ചെയ്യുന്നു. എന്നാൽ ഒരാത്മാവിനു് ഈ സാരാംശം ഇല്ലാതിരുന്നാൽ അതിന്റെ വാസന പെട്ടെന്നു് ഇല്ലാതാകുന്നു. നേരേമറിച്ചു് ഒരാൾ ഈ പരിമളം നിറഞ്ഞ അന്തരീക്ഷത്തിൽ എത്തിയാൽ അതിന്റെ സുഗന്ധം നിരന്തരമായി പുറത്തേയ്ക്കു വീശിക്കൊണ്ടിരിക്കും. ആരെങ്കിലും പ്രാർത്ഥനയിൽനിന്നുള്ള മാധുര്യംമാത്രം പ്രതീക്ഷിച്ചുകൊണ്ടു് വികാരപരമായ സ്നേഹപ്രകരണംകൊണ്ടു തൃപ്തിയടഞ്ഞാൽ അയാളിൽനിന്നും പുറപ്പെടുന്ന സുഗന്ധം പെട്ടെന്നു് ഇല്ലാതാകുന്നു. നേരെ മറിച്ചു് ഏതു സാഹചര്യത്തിലും പ്രാർത്ഥനയിൽമാത്രം ശരണം വച്ചു് സുദൃഢമായ പ്രതിജ്ഞയോടുകൂടെ തന്നോടുതന്നെ യുദ്ധംചെയ്യുന്നവർ ഈ സുഗന്ധദ്രവ്യം നിറഞ്ഞ കുപ്പി കരസ്ഥമാക്കുകയും ആയതു് ഉപവി, ക്ഷമ, സാധുശീലം മുതലായ പുണ്യങ്ങളുടെ അഭ്യസനത്താൽ നിലനിർത്തിക്കൊണ്ടുപോകുകയും ചെയ്യുന്നു. ഈ സുഗന്ധദ്രവ്യക്കുപ്പി കരസ്ഥമാക്കുന്നതു് നിരന്തരമായ ആശാനിഗ്രഹവും സ്വയനിഗ്രഹപരിശീലനവും മൂലമാണു്.

44. രാവിലെ വീ. കുമ്പാനസ്വീകരിച്ചതുമൂലം നീ മത്തായെപ്പോലെ ആകുന്നു. എന്നാൽ ഒരു സംഗതി നീ സൂക്ഷിക്കണം. ആയതു് നിന്റെ ജോലിക്കിടയിൽ ഈശോയെ തനിച്ചു് വിട്ടുംവച്ചു്

പോകരുതു്. മത്തായപോയതു് എനിക്കു ഭക്ഷണം ഒരുക്കാനെന്നതു് ശരിയാണു്. പക്ഷെ മറിയം പരിപൂർണ്ണമായി എന്റെ സാന്നിദ്ധ്യം അനുഭവിച്ചു. എന്റെ ഭക്ഷണം എന്നെ അയച്ചവന്റെ തിരുമനസ്സു് നിറവേറുകയാകുന്നു. ബാഹ്യമായ സംഗതികളിൽ ഇടപെടാതിരിക്കാൻ നിവർത്തിയില്ല. ഈ അവസരത്തിലും എന്തിനായി നീ വിളിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ കാര്യം, അതേ നിന്റെ പൂർണ്ണതയുടെ കാര്യം നീ മറന്നുകളയരുതു്. എപ്പോളാണു നീ എന്നെ ഉപേക്ഷിക്കുന്നതു് എന്നു് നിനക്കു മനസ്സിലായിട്ടുണ്ടോ? നീ എന്നെ ശ്രവിക്കാത്തപ്പോൾ വാചാപ്രാർത്ഥനകൾ ധാരാളമായി എത്തിച്ചുകൊടുക്കുന്നവർ ധാരാളമുണ്ടു്. അവർ നിശ്ചയിച്ചിരിക്കുന്നതു മുഴുവൻ എത്തിക്കുകയുംചെയ്യും. ഈ സമയത്തു അവർ എന്നെ അശേഷം ശ്രദ്ധിയ്ക്കാത്തതു് പരിതാപകരമാണു്. വാചാപ്രാർത്ഥനയെ ഞാൻ അഭിനന്ദിക്കാതെയിരിക്കുന്നില്ല. എന്നെ ശ്രദ്ധിച്ചുകൊണ്ടുനടക്കുന്നതാണു് കൂടുതൽ യോഗ്യതയുള്ളതു്. മരിച്ച ലാസറിനെ ഉയർപ്പിച്ചതുപോലെ പാപത്തിൽ മുഴുകി ജീവിക്കുന്ന അനേകം സഹോദരസഹോദരിമാരെ ഉയർപ്പിക്കുന്നതിനു് ഞാൻ അതിയായി ആഗ്രഹിക്കുന്നു. അവരുടെ ശവകുടീരങ്ങളിലേയ്ക്കു് നീ എന്നെ ആനയിക്കുക. ഒരുവൻ ഭോജനപ്രിയനാണു് അതാണു് അവന്റെ കല്ലറ. ഭക്ഷണത്തിൽ ആശാനിഗ്രഹം അഭ്യസിച്ചു് അവനെ നീ ഉയർപ്പിക്കുക. അപരൻ ശാരീരിക ഉർജ്ജണങ്ങൾക്കു് അധീനനത്രെ. മാലാഖായിക്കഴിഞ്ഞ പരിശുദ്ധി അഭ്യസിച്ചു് അവനെ

യും ഉയർപ്പിക്കുക. ഇവിടെയെല്ലാം എന്തുസംഭവിക്കുന്നു. മരിച്ചടക്കിയ ലാസറിന്റെ കവറിടത്തിങ്കൽ ഞാൻ ചെന്ന് അവനെ വിളിച്ചു അവൻ പുറത്തുവന്നു. എന്നാൽ അവൻ ബന്ധിതനായിരുന്നതിനാൽ അവന്റെ കെട്ടുകഠംഎല്ലാം അഴിക്കുവാൻ വീണ്ടും ഞാൻ ആജ്ഞാപിച്ചു. ചുറ്റും നിന്നവർ അതനുസരിച്ചപ്പോൾ ലാസർ സ്വതന്ത്രനായി. ഇപ്രകാരംതന്നെ പാപികളുടെ മാനസാന്തരജോലിയുടെ പൂർത്തീകരണത്തിനും അവർ അവരുടെ ദുഷ്ടീലങ്ങളിൽനിന്നും വിമുക്തരാകുന്നതിനും നിരന്തരമായ പരിത്യാഗപ്രവർത്തികഠം അനുഷ്ഠിക്കുന്നതിനും ധാരാളഹൃദയമുള്ള ആത്മാക്കഠം ഉണ്ടാകണം.

45. എല്ലാ ബാഹ്യപ്രവർത്തികളും ആന്തരികമായ ശുഷ്കാന്തിയോടുകൂടിയതായിരിക്കണം. ഉദാഹരണമായി കൈക്കൊണ്ട് കുരിശിന്റെ അടയാളം വരയ്ക്കുമ്പോൾ അയാളുടെ ആത്മീയകരം അതായത് അയാളുടെ മനസ്സ് അയാളുടെ ശരീരത്തെ കുരിശിൽ തറയ്ക്കുന്നതിന് ഉപയോഗിക്കണമെന്ന് ചിന്തിക്കണം. ഒരാൾ തന്നെത്തന്നെ ഒരു കുരിശുരൂപമെന്ന് വിളിക്കുന്നതിനു പ്രാപ്തനാകണം.

46. ചർമ്മട്ടികൊണ്ടുള്ള പല അടികഠംമൂലം ഒരുവൻ മരണത്തിന്നാധീനനാകുന്നു. ഇതേവിധംതന്നെ ഉപയോഗശൂന്യമായ ചിന്തകളും വ്യർത്ഥമായ വാക്കുകളുമെല്ലാം മിശിഹായ്ക്കനുഭവപ്പെട്ടന്ന പലവിധ ചർമ്മട്ടിഅടികളാണ്. അങ്ങേയ്ക്ക് മേലിൽ ശാരീരികമായി യാതൊന്നും സഹിക്കാൻ സാധിക്കയില്ലെങ്കിലും മേൽവിവരിച്ചവിധം ജീവിക്കുന്നവർ

ചമ്മട്ടികൊണ്ടു് ഇടമുറിയാതെ ഈശോയെ അടിക്കുന്നതുപോലെ ഏതാണ്ടു് അങ്ങേയ്ക്കനുഭവപ്പെടുന്നു.

47. ഹൃദയൈകാന്തതയെന്നതു് ഒരു മഹാവലിയ ദാനമാണു്. എന്തെന്നാൽ ഇതു് ദൈവൈക്യത്തിനുള്ള ആരംഭമാണു്. ഒരാളെ ദൈവം തനിയെ കാണുന്നതോതനുസരിച്ചത്രെ അവിടുന്നു് അയാൾക്കു് സ്വയം വെളിപ്പെടുത്തുന്നതു്. സകലവസ്തുക്കളിൽനിന്നും വേർപെട്ടു് ദൈവത്തെമാത്രം ദർശിക്കുന്നതിനായു് പാത്തിരിക്കുന്ന ഒരാത്മാവിനു് ദൈവം പൂർണ്ണമായിതന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ഈ അവസരത്തിൽ ദൈവേഷ്ടം അനുഷ്ഠിക്കുന്ന ആത്മാവു് ഭാഗ്യപ്പെട്ടതാകുന്നു. മഴയെ അനേഷിച്ചു് ചെടിയുടെ വേരുകൾ പുറത്തേയ്ക്കിങ്ങിയാൽ അവ പെട്ടെന്നു് വാടിപ്പോകുന്നതുപോലെ ദൈവത്തെ അനേഷിച്ചു് ബാഹ്യമായി ഇറങ്ങിപ്പുറപ്പെടുന്നവർക്കും അനുഭവപ്പെടുന്നു. പരിപൂർണ്ണതപ്രാപിക്കുന്നതിനു് നീ ആഗ്രഹിക്കുന്നുവെങ്കിൽ നിന്റെ അധികാരികൾ നിന്നെ ഏല്പിക്കുന്ന ജോലി ഏതുതന്നെയായാലും അതിനെ സ്നേഹിച്ചു് അവരുടെ നിർദ്ദേശങ്ങളനുസരിച്ചു് നീ ജീവിക്കുക. എളിമയിൽ നീ വേരുറച്ചാൽ നീ ദൈവത്തിന്റെ കൂടെയാണു്. നിഴൽ ശരീരത്തിന്റെ കൂടെയുള്ളതുപോലെ ദൈവം എളിമയുള്ളവരുടെ കൂടെ വസിക്കുന്നു.

48. ദൈവത്തോടുള്ള ഐക്യം ഒരു വലിയ നിക്ഷേപമാണു്. വയലിൽ നിക്ഷേപം കണ്ടെത്തിയ ഒരുവനെപ്പററി സുവിശേഷം സാക്ഷി

ക്കുന്നില്ലേ? അവൻ എന്തുചെയ്യും? ആ വയൽ വാ
ങ്ങുവാനായി സകലതും വിറ്റു. ഇപ്രകാരം ദൈവ
ൈക്യം എന്ന നിക്ഷേപം കണ്ടെത്തുന്നതിനായി
നീയും സകലതും വില്ക്കണം. അതായതു് ഇന്ദ്രിയ
ങ്ങളുടെ സകല സംതൃപ്തിയേയും നിരന്തരമായ ആ
ശാനിഗ്രഹംവഴി നീ വില്ക്കണം. ഈ ൈക്യം
പല വിധത്തിലാകുന്നു. ഉദാഹരണമായി രാജ
കൊട്ടാരത്തിൽ വസിക്കുന്നവർ എല്ലാം അരമനവാ
സികളാണെങ്കിലും അവർ വ്യത്യസ്ഥപ്പെട്ട വിധ
ത്തിലല്ലേ രാജാവും ആയി വർത്തിക്കുന്നതു്. രാജാവും
റാണിയും ഒരുമുറിയിൽ, മക്കൾ അടുത്ത മുറികളി
ൽ, വേലക്കാർ കുശിനിയിൽ, കാവല്ക്കാർ പടിവാതു
ക്കൽ. ആത്മാക്കളെ സംബന്ധിച്ചും ഏതാണ്ടിപ്ര
കാരംതന്നെയാണു്. റാണിയുടെ സ്ഥാനംവഹിക്കു
ന്നവരും, പാചകക്കുതുല്യം പെരുമാറുന്നവരും ഇ
ല്ലാതില്ല. ഈ വ്യത്യാസം അവരുടെ വിശ്വസ്തത
യുടേയും സ്നേഹത്തിന്റേയും അളവനുസരിച്ചാണ്
സ്ഥിതിചെയ്യുന്നതു്. കൂടുതൽ സ്നേഹം വിശ്വസ്ത
ത ഉള്ളിടത്തും കൂടുതൽ വിശ്വസ്തത സ്നേഹമുള്ളിട
ത്തുമത്രെ ദർശിക്കുന്നതു്. വിശ്വസ്തത സ്നേഹത്തെ
അളക്കുന്ന (തർമോമീറർ) ഉണ്ണിമാപിനിയാകുന്നു.
സ്നേഹം വർദ്ധിക്കുമ്പോൾ വിശ്വാസം വർദ്ധിക്കുന്നു,
പരിത്യാഗം വർദ്ധിക്കുന്നു, എളിമ വർദ്ധിക്കുന്നു. ഇ
തിന്റെയെല്ലാം ഫലമായി ദൈവവുമായി പ്രസ്തുത
ആത്മാവു് ഒന്നായിത്തീരുന്നു.

49. പ്രാണനാഥേ! നീ എന്നെപ്പറ്റി ധ്യാ
നിക്കുന്നുണ്ടെങ്കിൽ നീ എന്നെ സ്നേഹിക്കുന്നുണ്ടു്.
വൃഥാ സാമാന്യമായി കടന്നുപോകുന്നവർ തമ്മിൽ

കാണുന്നതുപോലെ നീ എന്നെ കണ്ടാൽ പോരാ, പ്രത്യുത, നിന്റെ സമീപെ ഞാൻ നിലകൊള്ളുന്നതുപോലെ നീ എന്നെ കാണണം. നാണയങ്ങളുടെവില തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങളും അതിൽതന്നെയുള്ളതുപോലെ നീ സൂക്ഷിച്ച് എന്നെ വീക്ഷിച്ചാൽ എന്റെ മുറിവുകളിൽ സ്നേഹമുദ്രണം ചെയ്തതായി നീ കാണാതിരിക്കുകയില്ല. വൃഥാ നോക്കിയാൽ അതു യൂദന്മാരുടെ ജോലിയായി നീ തള്ളിവിടും. എന്നാൽ എന്റെ സ്നേഹം അതിനനുവദിച്ചില്ലായിരുന്നെങ്കിൽ അവർ എന്നെ സ്പർശിക്കപോലും ചെയ്യുമായിരുന്നു. എന്നെപ്പോലെ നിന്നെ ഘാതകരുടെ കരങ്ങളിൽ ഏല്പിക്കാൻ നീ ആഗ്രഹിച്ചാലും നിനക്കതു് പലപ്പോഴും എന്നല്ല ജീവിതത്തിൽ ഒരിക്കൽപോലും സാദ്ധ്യമായെന്നുവരികയില്ല. എന്നാൽ നീ ഒരുകാര്യം ചെയ്താൽ കൊലപാതകരുടെ കയ്യിൽ അകപ്പെട്ടതിൽ കൂടുതലായി വിഷമം നിനക്കനുഭവപ്പെടും. നീ നിന്റെ പ്രമാണത്തെ വിശ്വസ്തതയോടെ അനുസരിക്കുവാൻ തുടങ്ങുക. അപ്പോൾ പ്രമാണം നിന്നെ ചമ്മട്ടിഅടി ഏല്പിക്കുകയും മുൾമുടി ധരിപ്പിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്യും.

59. സ്വമനസ്സിനെ ദൈവമനസ്സിൽ ലയിപ്പിക്കുന്നവർ വലിയ സമാധാനം അനുഭവിക്കുന്നു. തൻമൂലം ഒരു സൃഷ്ടിക്കു് സാദ്ധ്യമാകുന്നിടത്തോളം ദൈവത്തിന്റെ അചഞ്ചലതയിൽ അതു് ഭാഗഭാക്കാകുകയും ചെയ്യുന്നു. ഈദൃശാത്മാവു് ദൈവമനസ്സു് നിറവേറിക്കൊണ്ടു് അവളുടെ മനസ്സുകൂടേയും നിറവേറുന്നു. എന്തെന്നാൽ രണ്ടു

പേരുടേയും മനസ്സൊന്നാകുന്നു.

51. ദൈവത്തിങ്കലേയ്ക്കു് സദാ സമീപിച്ചു കൊണ്ടിരിക്കുന്ന ആത്മാവു് ഒരാന്തരികാത്മാവാകുന്നു. കാന്തം അതിലേയ്ക്കാകർഷിക്കപ്പെട്ട ഇരുമ്പുകഷണത്തെ സംവഹിക്കുന്നതുപോലെ ദൈവം ഈ ആത്മാവിനേയും സംവഹിക്കുന്നു. ഈശോ വ്യദ്യാനന്ദം അനുഭവിക്കുന്നതു് ഒരു ആന്തരികാത്മാവിൽ ആയിരിക്കുന്നതുപോലെ ഒരാന്തരികാത്മാവു് ഈശോയുടെ മധുരമായ വ്യദ്യാനന്ദവും ആസ്വദിക്കുന്നു.

52. എന്റെ പ്രിയ മണവാട്ടിയെ! "ഞാൻ നിന്നെ സ്നേഹിക്കുന്നു." നീ ഭക്ഷിക്കുന്ന ഭക്ഷണത്തിലും നീ പാനംചെയ്യുന്ന പാനീയത്തിലും നീ ഉറങ്ങുന്ന കിടക്കയിലും "ഞാൻ നിന്നെ സ്നേഹിക്കുന്നു"വെന്നു് നീ വായിച്ചുതഴങ്ങുക. മേൽപറഞ്ഞതെല്ലാം ഞാൻ നിനക്കു നല്കുന്നതു് എനിക്കു് നിന്നോടുള്ള സ്നേഹം ഒന്നുമൂലമാണു്. എന്റെ സ്നേഹഭാജനമെ! നിനക്കു സംഭവിക്കുന്ന സകലതിലും "ഞാൻ നിന്നെ സ്നേഹിക്കുന്നു"വെന്നു് എഴുതിയിരിക്കുന്നതായി നീ വായിക്കുക.

53. എളിമ സുരക്ഷിതമായും വഴിപിഴപ്പിക്കാതേയും നിന്നെ ദൈവത്തിങ്കലേയ്ക്കു് ആനയിക്കുന്നു. ഈ എളിമ സുവിശേഷത്തിൽനിന്നും, എന്റെ ജീവിതത്തിൽനിന്നും, പ്രത്യേകിച്ചു് വിശുദ്ധകുമ്പാനയിൽ സ്ഥിതിചെയ്തു് ഉന്നതമായി നിന്നെ ഉപദേശിക്കുന്ന എന്നിൽനിന്നും പഠിച്ച അടിയുറച്ച എളിമയായിരിക്കണം. ഈ മൂന്നു ഉല്പത്തിസ്ഥാനങ്ങളിൽ നീ അനേഷിക്കാതെ കളങ്കര

ഹിതമായ എളിമ കണ്ടുപിടിക്കുക സാദ്ധ്യമല്ല.

54. സൽപ്രവൃത്തികളെ ഉപേക്ഷിക്കുകയും കേവലം യാന്ത്രികമായി മാത്രം അവയെ അനുഷ്ഠിക്കുകയും ചെയ്യുന്നവർ എന്റെ തിരുരക്തത്തിന്റെയും യോഗ്യതകൾ ഇല്ലാതാക്കുന്നു.

55. ഒരു പടംവരയ്ക്കുന്നതിന് ബ്രഷുകൊണ്ടുള്ള അനേകം വരകൾ ആവശ്യമുള്ളതുപോലെ പരിപൂർണ്ണതപ്രാപിക്കുന്നതിനും അനേകം നിസ്സാരപ്രവൃത്തികൾ ആവശ്യമുണ്ട്. പടംവരയ്ക്കുമ്പോൾ ആദ്യം ഇട്ടനീലം കടലാസിന്റേയോ തുണിയുടേയോ നിറം മാറുന്നതിനുമാത്രമേ ഉപയോഗപ്പെടുകയുള്ളുവെങ്കിലും ചിത്രത്തിന്റെ പൂർത്തീകരണത്തിന് ആദ്യന്തം വരയ്ക്കുന്ന സകല വരകളും അത്യാവശ്യമാണ്. ഇതേവിധംതന്നെ പരിപൂർണ്ണതയുടെ കാര്യത്തിലും. ദൈവം അപ്പോളപ്പോൾ തരുന്ന ചെറുതും വലുതുമായ വരപ്രസാദങ്ങളെ ആത്മാവ് ഉപകാരപ്പെടുത്തിയാൽ മാത്രം മതി പ്രസ്തുത ആത്മാവിന് പരിപൂർണ്ണതയുടെ ഉച്ചിയിൽ എത്തുവാൻ.

56. സന്ന്യാസജീവിതം ഒരു രഹസ്യജീവിതമാകുന്നു. ഒരുവൻ പരിപൂർണ്ണമായി അവിടെ ഒതുങ്ങി ജീവിക്കുമ്പോൾ അയാൾ വളരെ അധികം ഫലം പുറപ്പെടുവിക്കും. ആത്മാക്കൾക്കു അറിയപ്പെടാതെ ജീവിക്കുവാൻ കൂട്ടുജീവിതത്തെപ്പോലെ വേറൊന്നില്ല. ഇതു് അവരെ മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്നു മാത്രമല്ല സ്വനയനങ്ങളിൽ നിന്നുകൂടെയും ഒളിച്ചുവയ്ക്കുന്നതിനു് സഹായിക്കുന്നു. തൻമൂലം ഈ ആത്മാവു് യാതൊന്നും അസാധാരണമായി പ്രവ

ത്തിക്കുന്നുണ്ടെന്നു" വിശ്വസിക്കുന്നില്ലെങ്കിലും അ
യാൾ വളരെ അധികം നന്മചെയ്യുന്നുണ്ട്.

57. നീ ദൈവത്തെ ഉറ്റുസൂക്ഷിക്കുക. ഒ
രാൾ ഏതന്തസ്സിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്ന
വോ അതിനനുസരിച്ച് പരിത്യാഗവും അനുഷ്ഠിക്ക
ണം. ദൈവൈക്യത്തിന്റെ തോതു് പരിത്യാഗ
ത്തിന്റെ തോതനുസരിച്ച് വ്യത്യസ്ഥപ്പെട്ടിരിക്കും.
ഉപയോഗശൂന്യമായവസ്തുക്കളെ ഒരുവൻ ഉപേക്ഷി
ക്കുന്നതുപോലെ ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം
വിളിക്കപ്പെട്ടിരിക്കുന്നവർ അവരുടെ ദുസ്സഴക്കങ്ങ
ളിൽ ജീവിതം തുടരാതെ ആയതിനെ ഓരോന്നി
നേയും കീഴടക്കുവാൻ ശ്രമിക്കണം.

58. ഒരു ലൗകികമണവാട്ടി കുറവില്ലാത്ത
സന്ദർശനങ്ങൾമൂലം അവളുടെ സമയം മുഴുവൻ മറ്റു
ള്ളവരുടെ ഭവനങ്ങളിൽ ചിലവഴിച്ചാൽ അവ
ളെ അവിശ്വസ്തയായി പരിഗണിക്കപ്പെടുകയില്ല
യോ. ഇതേവിധംതന്നെ എന്റെ മണവാട്ടികളി
ൽ ഒരുവൾ ഉപയോഗശൂന്യമായ ചിന്തകളിൽ
അവളുടെ സമയം മുഴുവൻ ചിലവുചെയ്താൽ സ്നേ
ഹത്തോടു് 'കളവുചെയ്ത' എന്ന അപരാധത്തിനു്
പാത്രീഭൂതയാകുന്നു.

58. ആന്തരിക അശുപി മുഖ്യമായി വി
ശ്വാസത്തിന്റെ അശുപി ആകുന്നു. ഇതത്രെ ജീ
വിതത്തിനു് ചൈതന്യം നല്കുന്നതു്. "കർത്താവെ
ഞങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കണമെ" എന്നു
വിശ്വാസപ്രകരണം കൂടെക്കൂടെ ചെയ്യണം. നി
സ്സാരകാര്യങ്ങളുടെ വില വിശ്വാസം നമ്മെ പഠി
പ്പിക്കുന്നു. അനുസരണംമൂലം ചെയ്യുന്ന ഒരു നി

സ്സാരപ്രവൃത്തി സ്വമനസ്സാലെ ലോകംമുഴുവൻ കീഴടക്കി ഭരിക്കുന്നതിനെക്കാൾ കൂടുതൽ വിലയുള്ളതെന്നു് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ഉരാശകളേയും, മറാശകളേയും അടക്കുമ്പോൾ ഈശോയുള്ളവാകുന്ന മഹത്വം വിശ്വാസത്തിനു മാത്രമേ നമ്മെ മനസ്സിലാക്കിത്തരുന്നതിനു് സാധിക്കയുള്ളൂ. സഹോദരസഹോദരികളിൽ മിശിഹായെ ദർശിച്ചാൽ മാത്രമേ നാം അവരുടെ ഇടയിൽ സമാധാനത്തിൽ വസിക്കയുള്ളൂ. ഇതിനും വിശ്വാസം അത്യാവശ്യമാണു്. ശ്ലൈഹികനിയോഗത്തിന്റെ മഹത്വവും വിശ്വാസം നമുക്കു മനസ്സിലാക്കിത്തരുന്നു.

59. വിശ്വസ്തതയുള്ള ഒരാത്മാവിനു് എന്റെ ഹൃദയത്തിന്മേൽ വളരെ ശക്തിയുണ്ടു്. ഇവർ ആവശ്യപ്പെട്ടാൽ മലമറിയ്ക്കുന്നതിനും ഞാൻ തയ്യാറാണു്.

60. എന്റെ അനന്തയോഗ്യതയോടു് യോജിപ്പിച്ചാലെന്നപോലെ—അഥവാ എന്റെ അമൂല്യ തിരുരക്തത്തിൽ മുക്കിയാൽ എന്നപോലെയാണു് നിയോഗശ്ലൈഹതയുടെ വില.

61. എന്നെ പ്രസാദിപ്പിക്കണമെങ്കിൽ നീ എന്നിൽ ശരണപ്പെടുക. കൂടുതലായി നീ ശരണപ്പെടുമ്പോൾ കൂടുതലായി ഞാൻ പ്രസാദിക്കുന്നു. എന്നെ അത്യന്തം നിനക്കു പ്രസാദിപ്പിക്കണമെങ്കിൽ നീ അത്യന്തമായി ശരണപ്പെടണം. എന്റെ ഹൃദയത്തിന്റെ ആഗ്രഹത്തിനനുസരിച്ചു് നിനക്കെന്നിൽ ശരണപ്പെടുക സാദ്ധ്യമല്ല. ശരണത്തിന്റെ ഒരൊറ്റ പ്രകരണംപോലും എന്നെ സന്തോഷത്തിൽ ആറാടിക്കുന്നു. എന്തെന്നാൽ അതു്

ഞാൻ ഏററവും വിലമതിക്കുന്ന ഗുണലക്ഷണങ്ങളായ നന്മയേയും കരുണയേയും ബഹുമാനിക്കുന്നു.

62. കരിസ്തുരക്ഷയുടെ അടയാളമാണു്. എന്റെ ബന്ധുജ്ഞായെ നിന്റെ സകല പ്രവൃത്തികളുടേയും പ്രത്യേകഅടയാളം കരിശായിരിക്കണം. ഈ അടയാളം പരിശുദ്ധ ത്രിത്വത്തെ ബഹുമാനിക്കുന്നതിനു് ഏററവും ഉതകുന്നു ഒന്നാണു്.

63. പ്രാണനാഥേ ഓരോ ആത്മാവിന്റേയും പരിപൂർണ്ണതയുടെ ഒരു പ്ലാൻ ഞാൻ നേരത്തെ നിശ്ചയിച്ചിട്ടുണ്ടു്. അനന്തരം തക്കസമയത്തു് അതു് ജനിക്കുകയും കുറെ കൊല്ലങ്ങൾക്കുശേഷം അതു് വിവേചനാശക്തി പ്രാപിക്കുകയും ചെയ്യുന്നു. ഈ സമയം മുതൽ ഈ ആത്മാവു് എന്നോടു് സഹകരിച്ചു പ്രവർത്തിക്കുകയില്ലെങ്കിൽ ഇവിടം ഇഷ്ടപ്രസാദത്തിന്റെ പ്രവർത്തനത്തിനു് തടസ്സം വരുത്തുന്നു. പരിശുദ്ധാത്മാവിയെ, നേരത്തെതന്നെ സകല സാധനങ്ങളും ഒരുക്കിയശേഷം പണി ആരംഭിക്കുവാൻ തുടങ്ങുന്ന ഒരു പണിക്കാരനായി ഇവിടം ദർശിക്കണം. അദ്ദേഹത്തിന്റെ മുൻപാകെ ഇവളിൽ ചെയ്യേതീർക്കേണ്ട പണിയുടെ പ്രസ്തുത പ്ലാൻ സ്ഥിതിചെയ്യുന്നുണ്ടു്. ഇതിനനുസരിച്ചു" സാമാനങ്ങൾ എടുത്തുകൊടുക്കേണ്ട കടമ പ്രസ്തുത ആത്മാവിന്റെതത്രെ. ഒരുസമയത്തു് ഒരു സാധനം കൊടുക്കുവാൻ ആവശ്യപ്പെട്ടുമ്പോൾ വേറൊരിക്കൽ രണ്ടു സാധനങ്ങൾ ആവശ്യപ്പെട്ടം. ചിലപ്പോൾ ഒന്നും ആവശ്യപ്പെടുകയില്ല. എങ്ങനെയായാലും ഇതിനനുസരണമായി ജീവിതം തുടരുമ്പോൾ പ്രസ്തുത ആത്മാവു് പരിശുദ്ധാത്മാവിയുടെ മാതൃക സ്വീകരിക്കുവാൻ തു

ടങ്ങുന്നു. അവിടുന്നു് ആവശ്യപ്പെടുന്ന സാധനങ്ങ ളും സ്വാർത്ഥത്തെ ജയിച്ചു് അനുഷ്ഠിക്കേണ്ട വിവിധ സുകൃത കൃത്യങ്ങളും അത്രെ. ഈസമയത്തെല്ലാം പരിശുദ്ധാത്മാവിനെ വൃഥാ നോക്കിനിൽക്കാനിരിക്കു ന്നതിനു് പ്രസ്തുത ആത്മാവിനു കടമയുണ്ടു്. സഹ കരണം കൂടാതെ വർത്തിക്കുന്ന ആത്മാക്കളും ആശാ സപ്രദന്റെ കരങ്ങളും ബന്ധിക്കുന്നു. പ്രിയ ബെ നീജ്ഞായെ നിന്റെ സ്ഥിതിയും ഏതാണ്ടു് ഇതു തന്നെ. മേൽപറഞ്ഞതുപോലെ നിനക്കും അനു ഭവപ്പെട്ടുമ്പോൾ നീ ഇപ്രകാരം പറഞ്ഞു തഴങ്ങി സ്വാർത്ഥത്തെ ജയിച്ചു് എന്നെ പ്രസാദിപ്പിക്കണം. ഞാൻ ഒരു വിശുദ്ധ ആകുന്നതിനു് ആഗ്രഹിക്കു ന്നതുകൊണ്ടു് ഇപ്പോൾ എന്നെ ആദരിക്കാതെ എ ന്റെ തെറ്റു് ഏറ്റുപറയണം. എന്തുകൊണ്ടു ഞാൻ ഇപ്പോൾ മിണ്ടടങ്ങണം? ഞാൻ ഒരു വിശു ദ്ധ ആകുവാൻ ആഗ്രഹിക്കുന്നതുകൊണ്ടു്. ഈ സമയത്തു് ഞാൻ എന്നെ ആദരിക്കുന്നതു് ഭംഗിയ ല്ല. എന്നെ അസഹ്യപ്പെടുത്തുന്നവരെ പുഞ്ചിരി യോടെ സ്നേഹിച്ചു് സ്വീകരിക്കണം. കാരണം എനിക്കു വിശുദ്ധ ആകണമെന്നതത്രെ. എന്റെ പ്രിയ മണവാട്ടിയെ "എനിക്കു് ഒരു വിശുദ്ധ ആ കണം" എന്നതായിരിക്കട്ടെ നിന്റെ മുദ്രാവാക്യം. നിന്റെ പ്രാണനാഥനെ കൂടുതൽ കൂടുതൽ പ്രസാ ദിപ്പിക്കണമെന്ന ഏകലാക്ഷ്യമാത്രമേ ഈ വിശുദ്ധ പദവിയിൽനിന്നും നീ ആഗ്രഹിക്കാവൂ.

64. എന്റെ കുഞ്ഞു ബന്നീഞ്ഞായെ! ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ടും, മറ്റാത്മാക്കൾ ക്കു് ഇതുകൊണ്ടു് പ്രയോജനം ഉണ്ടാകുന്നതിനുവേ

ണ്ടി ഞാൻ ഇതു് നിന്നോടു് പറയുന്നു. ദൈവസ്നേഹം ഒരു പൂളയുടെ സമമാണു്. ഇതിൽ ഞാൻ എന്റെ വിശ്വാസത്തെ ശുദ്ധീകരിച്ചു് പൂർണ്ണരാക്കുന്നു. തീയിൽവച്ച ഇരുമ്പു് എടുത്തടിച്ചു് പണിക്കാരൻ നിഷ്ടമുള്ള രൂപംകൊടുക്കുന്നതുപോലെ ദൈവസ്നേഹാഗ്നിച്ചൂളയിൽ എല്ലാത്തരത്തിലുള്ള വിശ്വാസിയും വാർത്തെടുക്കപ്പെടുന്നു. കുറ്റമായ ഒരുതരം വിശ്വാസിയുണ്ടു്. ഒരുകൂട്ടർ ഈ വിധത്തിൽ അവരുടെ ജീവിതകാലം മുഴുവനും എന്നെ ബഹുമാനിക്കുന്നു. എന്നാൽ മാധുര്യമേറിയതും കൂടുതൽ വിലമതിക്കത്തക്കതുമായ വേറൊരുതരം വിശ്വാസിയുണ്ടു്. ഈ കൂട്ടർ ഇവരുടെ സൌമ്യശീലംകൊണ്ടു് എന്നെ കൂടുതലായി ബഹുമാനിക്കുന്നു. എന്റെ ഈശോയെ ഇതിൽ ഏതാണു് നിന്നെ കൂടുതൽ പ്രസാദിപ്പിക്കുന്നതു്? എന്റെ പ്രിയ ബന്ധുജനങ്ങളെ എവിടെ കൂടുതൽ സ്നേഹമുണ്ടോ, അതാണു് എന്നെ കൂടുതൽ സന്തോഷചിത്തനാക്കുന്നതു്. തപസ്സു് കുറെ കുറഞ്ഞാലും ഉപവി കൂടുതലുണ്ടെങ്കിൽ ഇതു് കൂടുതൽ തപസ്സോടുകൂടിയതും അതേസമയം കുറഞ്ഞ ഉപവിയോടുകൂടിയ ജീവിതത്തെക്കാൾ എന്നെ ഇഷ്ടപ്പെടുത്തുന്നു. ഉപവാസംകൊണ്ടു ക്ഷീണിച്ചു തളർന്ന ഒരു ശരീരത്തെക്കാൾ എനിക്കുവേണ്ടിമാത്രം തുടിച്ചുകൊണ്ടിരിക്കുന്ന ഒരു ഹൃദയത്തെ ഞാൻ കൂടുതൽ സ്നേഹിക്കുന്നു. എന്തെന്നാൽ ആദ്യത്തേതിൽ സ്വല്പം സ്വാർത്ഥം സ്ഥിതിചെയ്യുന്നുവെന്നതു് അത്മാക്കൾ പെട്ടെന്നു മനസ്സിലാക്കുകയില്ല.

65. സ്വാർത്ഥസ്നേഹം സകലതിനേയും വഷളാക്കുന്ന 'കൈപ്പുനീരി'ന സമമത്രേ-കാരണം

ഇതിന്റെ ഒരുത്തള്ളി സകലത്തിന്റെയും രുചി കൈപ്പാക്കിത്തീർക്കും.

66. നിന്റെ ദൈവത്തെ നീ വിശ്വാസത്തിന്റെ കണ്ണുകൊണ്ടു കാണുന്നതുപോലെ നിന്റെ അധികാരികളിലും നീ ദൈവത്തെക്കാണണം. ഒരു സന്യാസിനിയും അവളുടെ ശ്രേഷ്ഠത്തിയുമായുള്ള ഹൃദയ ഐക്യത്തിന്റെ തോതനുസരിച്ചാണ് ഇവർ ദൈവത്തിന്റെ പ്രസാദവരം സ്വീകരിക്കുന്നതു്. എന്തെന്നാൽ ശ്രേഷ്ഠത്തി ഒരു കലവറയായിരുന്നാലെന്നപോലെ അവളിൽ ഒരു കൂട്ടത്തിനുള്ള സകല പ്രസാദവരവും ഞാൻ നിക്ഷേപിച്ചിരിക്കുന്നു. ശ്രേഷ്ഠത്തി ഉറവയും കീഴുള്ളവർ ചാലുകളുമാണു്. ചാലു് ഉറവയോടു് ഗാഢമായി യോജിച്ചുനിന്നില്ലെങ്കിൽ വെള്ളം മറുവഴിക്കു് ഒഴുകിപോകുകയും ക്രമേണ ചാലു് ഉണങ്ങിവരണ്ടുപോകയും ചെയ്യുമെന്നു് നിനക്കറിവുണ്ടല്ലോ. പ്രിയ ബന്ധീജ്ഞായെ എന്തുകൊണ്ടാണു് ഞാൻ ഇത്രയധികം വരപ്രസാദം നിനക്കു നൽകുന്നതു്. അതു് ഒരു ശിശു അതിന്റെ തള്ളയോടു ആശ്രയിച്ചു നില്ക്കുവാൻ താല്പര്യപ്പെടുന്നതുപോലെ നീ നിന്റെ ശ്രേഷ്ഠത്തിയോടു് ഐക്യപ്പെട്ടിരിക്കുന്നയെന്ന ഏകകാരണം മൂലമാണു്. ഐക്യത്തിന്റെ കൂടുതൽ കുറവനുസരിച്ചായിരിക്കും എന്റെ ഭാഗത്തു നിന്നുള്ള സഹകരണവും.

67. ഒരു കള്ളന്റെ കരങ്ങൾ ബന്ധിച്ചാൽ അവനു് ആഗ്രഹമുണ്ടെങ്കിലും വീണ്ടും കളവുചെയ്യുക സാദ്ധ്യമല്ല. ഒരു കൊലപാതകന്റെ കരങ്ങൾ

തറച്ചാൽ പിന്നെ അവൻ ആഗ്രഹിച്ചാലും അപ രനെ അപായപ്പെടുത്തുക സാദ്ധ്യമല്ല. എന്റെ വാത്സല്യ ബന്ധീജ്ഞായെ നിർഭാഗ്യപാപികളെ ശിക്ഷിക്കാതിരിക്കുവാൻ എന്നു തോന്നുമാറ് ഞാൻ എന്റെ കൈകളും ആണികളാൽ ബന്ധിക്കപ്പെട്ട തിനു് അനുവാദം നൽകി. ഞാൻ ഉഷ്ടതപ്പുവ ത്തിക്കുന്നവരെക്കുറിച്ചു് ചിന്തിക്കുന്നതു് എത്രയോ ആനന്ദത്തോടുകൂടെയാണു്. എഴുതുക! കുഞ്ഞേ നീ എഴുതുക. മറ്റുള്ളവരും ഇതറിയട്ടെ! ഇതാണെ ന്റെ ആഗ്രഹം. തലയിൽ മുൾമുടിധരിപ്പിച്ചതുമൂലം ഞാൻ വളരെ വേദന അനുഭവിച്ചു. രക്തം ധാര ധാരയായി കണ്ണിലേയ്ക്കു് വീണിരുന്നതുമൂലം കണ്ണു കൾ തുറക്കുന്നതു് അത്ര എളുപ്പമല്ലാതായി. ഈസ്ഥി തിയിലായിരുന്നപ്പോളും എന്റെ ഹൃദയം അനു കമ്പകൊണ്ടു് നിറഞ്ഞതുമൂലം വളരെ കഷ്ടപ്പെട്ടാണു് ഞാൻ ഇടയ്ക്കിടയ്ക്കു് കണ്ണു ചിമ്മി തുറന്നു് എന്റെ ചുറ്റുംനിന്ന ഘാതകരെ നോക്കിയിരുന്നതു്.

68. നിത്യവും നിനക്കനുഭവപ്പെട്ടുന്നതും, നീ പരിതപിക്കുകയും നിനക്കുതന്നെ ജയിച്ചടക്കുവാൻ സാദ്ധ്യമല്ലെന്നു ബോദ്ധ്യമുള്ളതുമായ തഴക്കമായ അപൂർണ്ണതകളെ ജയിച്ചടക്കണമെങ്കിൽ നീ രണ്ടു സംഗതികളും ചെയ്യണം 1. നീ നിന്നിൽ നിന്റെ ശരണം വയ്ക്കരുതു്. 2. നീ പരിപൂർണ്ണ മായി എന്നിൽ ശരണപ്പെടണം. ഇവയിൽ ഒന്നു മാത്രമായാൽ രണ്ടു ചക്രങ്ങളുള്ള ഒരു വണ്ടിയുടെ ഒരു ചക്രത്തിനു കേടുപറ്റിയശേഷം ഒരു ചക്രത്തോടുകൂടെ യാത്രതുടരുവാൻ ഒരുങ്ങുന്നവണ്ടിക്കാരന്റെ സ്ഥിതിപോലെ ആയിരിക്കും നിന്റേതും.

69. സൃഷ്ടികളുമായുള്ള സംഭാഷണത്തിൽ നീ അത്യാസക്തി പ്രദർശിപ്പിക്കരുതു്! നിന്നോടു് സംഭാഷിക്കുന്നതിനു് സൃഷ്ടാവു് നിന്റെ സമീപെ ഉണ്ടു്. ഞാൻ പോരെയോ നിനക്കു സംഭാഷണം ചെയ്യുവാൻ! പ്രിയ ബന്ധുജ്ഞായെ എന്നെക്കാൾ കൂടുതലായി നിന്നെ സ്നേഹിക്കുന്ന ഒരുവനെ നീ എവിടെ കണ്ടെത്തും. എന്റെ ഹൃദയം കരുണയുടെ അഗാധമാണെന്നു് നിനക്കനുഭവപ്പെട്ടിട്ടില്ലേ? ഇതു് നീ അനുഭവിച്ചറിഞ്ഞ ഒരു സത്യമല്ലേ? ആകയാൽ നീ എന്നെ ആശ്രയിപ്പിക്കണം. ആയതിനു് നിന്റെ കഷ്ടാരിഷ്ടതകളെ എനിക്കു നീ തരുക. ഞാൻ കീറിയ തുണി വാങ്ങിച്ച അതിനു് വിലകൊടുക്കുന്നവനാകുവാൻ ആഗ്രഹിക്കുന്നു. നിന്റെ സകല കഷ്ടാരിഷ്ടതകളും എനിക്കു നീ തരുക. ഞാൻ നിനക്കു് വിലതന്നു നിന്നെ ആശ്രയിപ്പിക്കാം. അങ്ങനെ നിന്റെ വിഷമതകളിൽനിന്നും ഞാൻ നിന്നെ വിമുക്തയാക്കാം. ഇതെനിക്കു് ആനന്ദത്തെ പ്രദാനം ചെയ്യുന്നു. പ്രസ്തുത ദുരിതങ്ങളെ നീ എനിക്കു വിലക്കുതരുന്നതിൽ നിനക്കു യാതൊരു മടുപ്പും തോന്നാതെയിരിക്കുന്നതിനു് നീ ഒരു സംഗതിമാത്രം ചെയ്താൽ മതി. ആയതു് നിന്റെ ഹൃദയത്തിൽനിന്നു് സ്നേഹസംപൂർണ്ണവും തീക്ഷ്ണതയുള്ളതുമായ എളിമയുടെ പ്രകരണങ്ങൾമാത്രം ചെയ്താൽ മതി. എന്റെ സ്നേഹഭാജനമെ, അനന്തരം എന്തുചെയ്യണമെന്നു് തീർച്ചയാക്കുവാൻപാടില്ലാത്ത സമയം ആസംഗതികളെ നീ എന്നെ ഏല്പിക്കുക. ഞാൻ അതുകൊണ്ടു് ആത്മാക്കൾക്കു ഉപകാരം വരത്തക്കവി

ധം എന്തെങ്കിലും ചെയ്യുകൊള്ളാം. സ്നേഹത്തിന്റെ ഭരണം നിന്നിൽ നടത്തുവാൻ എന്നെ നീ അനുവദിച്ചശേഷം നീ എന്നെ സ്നേഹത്തിന്റേയോ കരുണയുടെയോ പഴന്തുണി ശേഖരക്കാരനെന്നു് വിളിക്കുന്നതിനു് . എനിയ്ക്കൊരു തടസ്സവും ഇല്ല. ഈ രണ്ടു സ്ഥാനപ്പേരുകളും എനിക്കാനന്ദത്തെ ഉളവാക്കുന്നു. എന്റെ ഹൃദയത്തിന്റെ ശ്വാസോച്ഛ്വാസം കരുണയും സ്നേഹവുമാകുന്നു. എന്റെ ദൈവിക സ്നേഹച്ചൂളയിൽ ദഹിപ്പിക്കുന്നതിനായി എന്റെ കരുണമൂലം പാപികളും ബലഹീനരുമായ മനുഷ്യരുടെ പ്രമാദങ്ങളെ എന്നിലേയ്ക്കു് ഞാൻ വലിച്ചെടുക്കുന്നു. ഇങ്ങനെ ദരിദ്രരും ബലഹീനരുമായ സൃഷ്ടികളുടെ ബലഹീനതയെ ദഹിപ്പിക്കണമെന്നുള്ള എന്റെ കടമ നിറവേറ്റപ്പെടുന്നു. ആത്മാക്കളെ ശുദ്ധീകരിക്കുന്ന ജോലിയിൽ എനിക്കു യാതൊരു മടുപ്പും ഇല്ല. എന്തെന്നാൽ എന്റെ രക്തം ചിന്തി ഞാൻ അവരെ രക്ഷിച്ചതുകൊണ്ടു് മറ്റുള്ളവർ എന്നെ രക്ഷകനെന്നു വിളിക്കുന്നു. അതുകയാൽ രക്ഷകന്റെ ഉദ്യോഗം നിർവ്വഹിക്കുന്നതിൽ ഞാനനുഭവിക്കുന്ന ആനന്ദം എത്രമാത്രമെന്നു് നിങ്ങൾക്കു ഗ്രഹിക്കുക സാദ്ധ്യമല്ല. അതെനിക്കുമാത്രം അനുഭവപ്പെടുന്ന ഒന്നെങ്കിലും രക്ഷണീയ വേലയെ തുടർന്നുകൊണ്ടുപോകുന്നതിനായി ഏറ്റവുംതാഴ്ന്ന സ്ഥിതിയിൽസ്ഥിതിചെയ്യുന്ന-അതേചെളിയിൽനിന്നും ഞാൻ ഉളവാക്കിയ മനുഷ്യരെ ഞാൻ പ്രത്യേകവിധം തെരഞ്ഞെടുക്കുന്നു. ഇവരുടെ സ്ഥാനമഹിമ ഉന്നതമെങ്കിലും ഇവരെ എന്റെ ഉത്തമമാതൃകകളാക്കിത്തീർക്കുന്നു

തിനായി എനിക്കു് ഇവരിൽ പ്രവർത്തനം നടത്തുന്നതിനു് ഇവരിലും ധാരാളം പോരായ്മകൾ ഉണ്ടു്.

70. എന്റെ ബന്ധുജ്ഞായെ ആത്മരക്ഷയിലുള്ള എന്റെ 'ദാഹം' ഈ പരിപാവനമായ ജോലിയിൽ എന്നോടുകൂടെ പ്രവർത്തിക്കുന്നതിനു് വിശാലഹൃദയമുള്ള ആത്മാക്കളെ അന്വേഷിച്ചുകണ്ടുപിടിക്കുന്നതിനു് എന്നെ നിർബ്ബന്ധിക്കുന്നു. പ്രാണനാഥേ! നീ എന്റെ നീതിയുടെ ഒരു ദഹനബലിയും അതേസമയം സ്നേഹത്തിന്റെ ഒരാനന്ദവിഷയവും ആകണം. അങ്ങനെ എന്റെ സ്നേഹത്താൽ നീ ദഹിപ്പിക്കപ്പെടണം. എന്റെ സ്നേഹമണവാട്ടിയെ നിന്റെ ഏറ്റവും നിസ്സാരമായ ബലിയേപ്പോലും ഞാൻ സ്നേഹത്തിന്റെ സംപൂർണ്ണതയിൽ സ്വീകരിക്കാം. നിനക്കിഷ്ടമെങ്കിൽ ഞാൻ നിന്നെ ബലികഴിക്കാം, ആയതു് എപ്പോഴും സ്നേഹത്തിന്റെ വാഹകൊണ്ടായിരിക്കും. ഞാൻ നിന്നെ ബന്ധിക്കട്ടെ അതു് സ്നേഹത്തിന്റെ ചങ്ങലകൊണ്ടായിരിക്കും. ഞാൻ നിന്നെ ദഹിപ്പിക്കട്ടേ ആയതോ എന്നാൽ സ്നേഹാഗ്നിമൂലമായിരിക്കും: ഇതിന്റെ പൂർത്തീകരണത്തിനായിട്ടാണു് ഞാൻ നിന്നേയും തെരഞ്ഞെടുത്തിരിക്കുന്നതു്.

oooooooooo

അവസാന ഉപദേശം

മരണത്തിനൊരുങ്ങേണ്ടവിധം

സന്ന്യസ്താത്മാവെ! ഇതു പറഞ്ഞു തരുന്നതു് നിന്റെ സ്നേഹമണവാളനായ ഈശോ ആകുന്നു. ഈവിധം അനുദിനം രാത്രിയിൽ കിടക്കുന്നതിനു് മുൻപു് നീ ചെയ്യേ തഴങ്ങണം: 1. അത്രുപിയിൽ നീ ദൈവത്തിന്റെ മുൻപാകെ മുട്ടുകുത്തി അങ്ങേ ആരാധിച്ചശേഷം നിന്റെ കരങ്ങളെ സ്നേഹത്തിനു് ഏല്പിച്ചുകൊടുക്കുക. അപ്പോൾ സ്നേഹം നിന്നെ ഈശോയുടെ തിരുഹൃദയത്തിനകത്തു് പ്രവേശിപ്പിക്കും. 2 ധൂളിയായ നീ അവിടെ പ്രവേശിച്ചശേഷം വിശ്വാസത്തോടുകൂടെ ഇപ്രകാരം പറയണം "എന്റെ ഈശോയെ വലിയ അരമനയിൽ പ്രവേശിക്കുന്നവർ ചെളിയും അഴുക്കും അവരുടെ ചെരുപ്പിൽനിന്നും തുടച്ചു വൃത്തിയാക്കുന്നതിനായി അതിന്റെ പ്രവേശനത്തിങ്കൽ കയറുപാവിരിച്ചിട്ടുണ്ടല്ലോ. ഞാനോ എന്നാൽ നിന്റെ ഹൃദയ അരമനയുടെ ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതിനു് യോഗ്യതയില്ലാത്ത അഴുക്കിന്റെ ഒരു തരിമാത്രമാണു്.

3. ഈ എളീമ പ്രകരണം ഹൃദയത്തിൽനിന്നും ഉളവായതെങ്കിൽ ഉടൻതന്നെ സ്നേഹം നിന്നെക്കൂട്ടിക്കൊണ്ടു് പോകുന്നതിനായി വരും. എവിടേയ്ക്കു സ്നേഹം നിനക്കു വഴി തുറന്നുതരുമോ അ

വിടേയ്ക്കു നീ പ്രവേശിക്കുക. സ്നേഹത്തിന്റെ വെളിച്ചത്തിൽ നീ എപ്രകാരം നിന്റെ ഇന്ദ്രിയങ്ങളേയും ആത്മീയവശങ്ങളേയും ഉപയോഗിച്ചു എന്നൊരാത്മശോധന ചെയ്യുക.

4. അനന്തരം ഒരു ഉത്തമമനസ്താപവും മേലിൽ നന്നായി വർത്തിച്ചുകൊള്ളാമെന്നൊരു ദൃഢപ്രതിജ്ഞയും ചെയ്യുക.

5. ഈ അവസരത്തിൽ നീ അറിയാതെതന്നെ സ്നേഹം നിന്നെക്കൊണ്ടു ഇപ്രകാരം പറയിപ്പിക്കും. "ഓ! ഈശോയെ ഇന്നേദിവസം ഞാൻ നിന്റെ അനേകം വരപ്രസാദങ്ങളെ ദുരുപയോഗിച്ചുപോയി. നീ എന്നോടു് ആവശ്യപ്പെട്ട സംഗതികളിൽ ഞാൻ വിശ്വസ്തത പാലിച്ചില്ല. ഈ പരിതസ്ഥിതിയിൽ അങ്ങിൽ 'നീതി' മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ എനിക്കു സകലവിധ ഭയത്തിനും കാരണമുണ്ടായിരുന്നു. എന്നാൽ അങ്ങുന്നു പാപികളെ അന്വേഷിച്ചു പുറപ്പെട്ടിരിക്കുകയാൽ അങ്ങുന്നു കരുണകൂടെയാകുന്നുവെന്നു് ഞാൻ വിശ്വസിക്കുന്നു. ആകയാൽ എന്റെ മനഃശരണത്തെ നവീകരിച്ചുകൊണ്ടു ഞാൻ അങ്ങയെ സമീപിക്കുന്നു. ഇതുയും നാൾ അങ്ങുന്നു എന്നോടു പൊറുത്തതുപോലെ ഈ പ്രാവശ്യംകൂടി എന്നോടു കരുണകാണിച്ചു് മാപ്പുതരേണമെ. എന്റെ ഈശോയെ ഞാൻ ഒരു സംഗതികൂടെ നിന്നോടു് ആവശ്യപ്പെടുന്നു. അതുതു് എന്നെ അങ്ങേയുടെ ഒരു വിശ്വസ്ത ശുശ്രൂഷി ആക്കിത്തീർക്കണമെന്നതാണു്. അങ്ങേയുടെ ഇഷ്ടപ്രസാദത്തിന്റെ സഹായത്തിൽ ശരണപ്പെട്ടുകൊണ്ടു് ഒരു നവീനമായ ജീവിതം

ഞാൻ നവമായി നിന്നിലും നിനക്കുവേണ്ടിയും നിന്നോടുകൂടെയും ആരംഭിക്കുന്നതിനുള്ള അനുഗ്രഹം എനിക്കു നീ തരേണമെ. ഇഷ്ടപ്രസാദത്തിന്റേയും ഗുണദോഷത്തിന്റേയും മാതാവെ, എനിക്കുവേണ്ടി അപേക്ഷിക്കണമെ.


ആമ്മേൻ.



DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date



DC Library
00012450
LP K84